2024 NOVEMBER
08
FRIDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ചരിത്ര നേട്ടം: റെക്കോർഡ് ഭേദിച്ച് ലുലു ഐപിഒ

**അബുദാബി:** അബുദാബി സെക്യൂരിറ്റീസ് എക്സ്ചേഞ്ചിൻറെ ചരിത്രത്തിലെ തന്നെ ഏറ്റവും മികച്ച നിക്ഷേപക പങ്കാളിത്വത്തിന് സാക്ഷ്യംവഹിച്ച് ലുലു ഐപിഒ. ലക്ഷ്യമിട്ടതിലും 25 ഇരട്ടി തുക സമാഹരിച്ചാണ് ലുലു ഐപിഒ ചരിത്ര നേട്ടം സ്വന്തമാക്കിയത്. 15,000 കോടി രൂപയുടെ സ്ഥാനത്ത് 3 ലക്ഷം കോടി രൂപയിലധികമാണ് സമാഹരിച്ചത്. ഈ മാസം 5ന് ഐപിഒ അവസാനിച്ചപ്പോൾ 82000 നിക്ഷേപകരാണ് ലുലു ഓഹരികളിൽ താൽപര്യം പ്രകടിപ്പിച്ച് തുക നൽകിയത്. ഇതോടെ മിഡിൽ ഈസ്റ്റിലെ ഒരു ഇന്ത്യക്കാരൻറെ ഉടമസ്ഥതയിലുള്ള കമ്പനിയുടെ ഏറ്റവും വലിയ ഐപിഒ എന്ന റെക്കോർഡ് ലുലു സ്വന്തമാക്കി.




ഓഹരിക്ക് മികച്ച ഇഷ്യൂ വിലയായി 2.04 ദിർഹം നിശ്ചയിച്ചിട്ടുണ്ട്. അബുദാബി പെൻഷൻ ഫണ്ട്, എമിറേറ്റ്സ് ഇൻറർനാഷ്ണൽ അൻവെസ്റ്റ്മെൻറ് കമ്പനി, ബഹ്റൈൻ മുംതലകത്ത് ഹോൾഡിങ്ങ്സ്, ഒമാൻ ഇൻവെസ്റ്റ്മെൻറ് അതോറിറ്റി, കുവൈറ്റ് ഇൻവെസ്റ്റ്മെൻറ് അതോറിറ്റി, ഖത്തർ ഇൻവെസ്റ്റ്മെൻറ് അതോറിറ്റി, സൗദി പിഐഎഫ്, ഹസാന പെൻഷൻ ഫണ്ട്, സിംഗപ്പൂർ സോവറിൻ വെൽത്ത് ഫണ്ട് തുടങ്ങിയവരാണ് പ്രധാന നിക്ഷേപകർ. ജിസിസി രാജകുടുംബങ്ങൾ, ജിസിസി സോവറിൻ വെൽത്ത് ഫണ്ട്, സിംഗപ്പൂർ വെൽത്ത് ഫണ്ട് അടക്കമുള്ളവരും വൻ നിക്ഷേപം നടത്തി.

നിക്ഷേപകരുടെ വൻ ഡിമാൻഡ് പരിഗണിച്ച് ഓഹരി 25% നിന്ന് 30% ആയി ഉയർത്തിയിരുന്നു. ലുലു റീറ്റെയ്ലിൽ പങ്കാളിത്തം നേടാൻ ആഗ്രഹിക്കുന്നവരുടെ കടുത്ത സമ്മർദത്തെത്തുടർന്നാണ് 30 ശതമാനമായി വർധിപ്പിച്ചതെന്ന് എം എ യൂസഫലി അബുദാബി ലുലു ആസ്ഥാനത്ത് നടത്തിയ വാർത്താസമ്മേളനത്തിൽ പറഞ്ഞു. മലയാളികൾ ഉൾപ്പെടെയുള്ള പ്രവാസികൾക്കിടയിൽ ഐപിഒ യെപ്പറ്റി മികച്ച അവബോധം സൃഷ്ടിക്കാനും കൂടുതൽ പ്രാരംഭ നിക്ഷേപകരെ പങ്കാളികളാക്കാനും ലുലു ഐപിഒക്ക് കഴിഞ്ഞുവെന്ന് അദ്ദേഹം പറഞ്ഞു. ലുലു എന്ന ബ്രാൻഡിൽ പൊതു നിക്ഷേപകർ അർപ്പിച്ച വിശ്വാസത്തിൻറെ തെളിവാണ് ലുലു ഐപിഒക്ക് കിട്ടിയ ഈ മികച്ച സ്വീകാര്യതയെന്ന് യുസഫ് അലി അഭിപ്രായപ്പെട്ടു.

യുഎഇ പ്രസിഡൻറ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ, യുഎഇ വൈസ് പ്രസിഡൻറും പ്രധാനമന്ത്രിയും ദുബായ് ഭരണാധികാരിയുമായ ഷെയ്ഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം, ജിസിസിയിലെ ഭരണനേതൃത്വങ്ങൾ, സ്വദേശികൾ, പ്രവാസികൾ എന്നിവർ നൽകിയ പിന്തുണ എടുത്തുപറയേണ്ടതാണ് എന്നും ലുലു ഗ്രൂപ്പ് ചെയർമാൻ വ്യക്തമാക്കി.

ഇന്ത്യയിൽ കൂടുതൽ വികസന പദ്ധതികൾ നടപ്പാക്കുമെന്ന് ലു നല് ഗ്രൂപ്പ് അറിയിച്ചു. കോട്ടയം, കൊല്ലം ജില്ലയിലെ കൊട്ടിയം എന്നിവ അടക്കം അടക്കം കേരളത്തിലെ വിവിധ ജില്ലകളിലായി കൂടുതൽ റീറ്റെയ്ൽ സ്റ്റോറുകൾ തുറക്കും.

## റഷ്യ, ഉത്തര കൊറിയ കൂട്ടുകെട്ട് യുഎസ് സുരക്ഷയ്ക്ക് ഭീഷണി; ശക്തമായ മുന്നറിയിപ്പുമായി നാറ്റോ

**ബുഡാപെസ്റ്റ്:** റഷ്യയും ഉത്തര കൊറിയയും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നത് യൂറോപ്യൻ സുരക്ഷയ്ക്ക് മാത്രമല്ല, യുഎസിനും ഭീഷണിയാണെന്ന് നാറ്റോ സെക്രട്ടറി ജനറൽ മാർക്ക് റുട്ടെ. യുക്രെയ്നിനെതിരായ യുദ്ധത്തിന് ഉത്തരകൊറിയ റഷ്യക്ക് സൈനിക സഹായം നൽകിയിരുന്നുവെന്ന് നേരത്തെ ആരോപണം ഉയർന്നിരുന്നു. ഈ സഹായത്തിന് പകരമായി റഷ്യ ഉത്തര കൊറിയയിലേക്ക് ഏറ്റവും പുതിയ സാങ്കേതികവിദ്യ എത്തിക്കുകയാണെന്നും ഇതിലൂടെ ഉത്തര കൊറിയ  റഷ്യ കൂട്ടുകെട്ട് വളരുകയാണെന്നുമാണ് നാറ്റോയുടെ വാദം.

റഷ്യയുടെ ഈ നീക്കം നാറ്റോയുടെ ഭാഗമായ യൂറോപ്യൻ രാജ്യങ്ങളെ മാത്രമല്ല, യുഎസിനും ഭീഷണിയാകുമെന്നും നാറ്റോ സെക്രട്ടറി ജനറൽ മാർക്ക് റുട്ടെ പറയുന്നു. യൂറോപ്യൻ നേതാക്കളുമായുള്ള കൂടിക്കാഴ്ചയ്ക്ക് മുന്നോടിയായാണ് റുട്ടെ ഇക്കാര്യം പറഞ്ഞത്. ഈ ഭീഷണികളെ എങ്ങനെ കൂട്ടായി നേരിടാമെന്ന് എന്ന് ചർച്ച ചെയ്യാൻ നിയുക്ത യുഎസ് പ്രസിഡൻ്റ് ഡൊണാൾഡ് ട്രംപിനൊപ്പം ഇരിക്കാൻ താൻ ആഗ്രഹിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## ഫെമ നിയമലംഘനം; രാജ്യവ്യാപകമായി ആമസോൺ, ഫ്ളിപ്കാർട്ട് ഓഫിസുകളിൽ ഇഡി റെയ്ഡ്


**മുംബൈ:** വിദേശ നാണ്യ വിനിമയ നിയമത്തിൻറെ ലംഘനം ചൂണ്ടിക്കാട്ടി രാജ്യവ്യാപകമായി ഇകൊമേഴ്സ് പ്ലാറ്റഫോമുകളിൽ ഇഡി പരിശോധന. ആമസോൺ, ഫ്ളിപ്കാർട്ട് എന്നിവയുമായി ബന്ധപ്പെട്ട ഓഫിസുകളിലാണ് ഇഡി പരിശോധന നടന്നത്. ഡൽഹി, മുംബൈ, ഗുരുഗ്രാം, ഹൈദരാബാദ്, ബെംഗളൂരു എന്നിങ്ങനെ 19 ഇടങ്ങളിൽ പരിശോധന നടത്തിയതായാണ് റിപ്പോർട്ട്.

ഇകൊമേഴ്സ് പ്ലാറ്റ്ഫോമുകളിൽ വിദേശനാണ്യ വിനിമയ നിയമത്തിൻറെ (ഫെമ) ലംഘനം നടന്നതായി ബന്ധപ്പെട്ട് 2019 തന്നെ ഇഡി അന്വേഷണം ആരംഭിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ടാണ് രാജ്യവ്യാപക പരിശോധനയെന്നാണ് വിവരം. ആമസോണും ഫ്ലിപ്കാർട്ടും തങ്ങളുടെ പ്ലാറ്റ്ഫോമുകളിൽ തിരഞ്ഞെടുത്ത വിൽപ്പനക്കാരെ മുൻനിർത്തി മത്സര വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ടെന്ന് കോമ്പിനേഷൻ കമ്മിഷൻ നേരത്തെ കണ്ടെത്തിയിരുന്നു. ആമസോണിനും ഫ്ളിപ്ക്കാർട്ടിനുമെതിരേ സിഎഐടി അനുബന്ധ സംഘടനയായ ഡൽഹി വ്യാപാർ മഹാസംഘ്, നേരത്തെ പരാതി നൽകിയിരുന്നു.

## ആക്രമണം നടത്തുന്ന പലസ്തീനികളുടെ ബന്ധുക്കളെ നാട് കടത്തും; നിയമം പാസാക്കി ഇസ്രയേൽ പാർലമെന്റ്

**ടെൽ അവീവ്:** ഇസ്രയേലിൽ ആക്രമണം നടത്തുന്ന പലസ്തീനികളുടെ ബന്ധുക്കളെ നാട് കടത്താനുള്ള നിയമം പാസാക്കി ഇസ്രയേൽ പാർലമെന്റ്. സ്വന്തം പൗരന്മാർ ഉൾപ്പെടെയുള്ള പലസ്തീൻ ഭീകരരുടെ കുടുംബാംഗങ്ങളെയാണ് യുദ്ധത്തിൽ തകർന്ന ഗാസമുനമ്പിലേക്കോ മറ്റു സ്ഥലങ്ങളിലേക്കോ നാടുകടത്താൻ അനുവദിക്കുന്നതാണ് നിയമം. 41ന് എതിരെ 61 വോട്ടുകൾക്കാണ് നിയമം പാസാക്കിയത്.

സുപ്രിംകോടതി കൂടി അംഗീകരിച്ചാൽ മാത്രമേ നിയമം പ്രാബല്യത്തിൽ വരുകയുള്ളൂ. ആക്രമണത്തെ കുറിച്ച് മുൻകൂട്ടി അറിയുന്ന, അല്ലെങ്കിൽ ഭീകരവാദ പ്രവർത്തനത്തെ പിന്തുണയ്ക്കുകയോ തിരിച്ചറിയുകയോ ചെയ്യുന്ന ഇസ്രയേലിലെ പലസ്തീനികൾക്കും കിഴക്കൻ ജറുസലേമിലെ നിവാസികൾക്കും ഇത് ബാധകമായിരിക്കുമെന്നാണ് നിയമത്തിൽ പറയുന്നത്. പാർലമെന്റ് പാസാക്കിയ നിയമം സുപ്രീം കോടതിയിലെത്തിയാൽ റദ്ദാക്കപ്പെടാൻ സാധ്യതയുണ്ടെന്ന് ഇസ്രയേൽ ഡെമോക്രസി ഇൻസ്റ്റിറ്റ്യൂട്ടിലെ മുതിർന്ന ഗവേഷകനും ഇസ്രയേൽ സൈന്യത്തിന്റെ നിയമ വിദഗ്ധനുമായ ഡോ. എറാൻ ഷമീർബോറർ പറഞ്ഞു. നിയമം തികച്ചും ഭരണഘടനാ വിരുദ്ധവും ഇസ്രയേലിന്റെ അടിസ്ഥാന മൂല്യങ്ങളുമായി ചേരാത്തതും ആണെന്നും ഷമീർബോറർ പറഞ്ഞു. ആക്രമണകാരികളുടെ കുടുംബവീടുകൾ പൊളിക്കുകയെന്ന ദീർഘകാല നയവും ഇസ്രയേലിന് ഉണ്ട്. പതിനായിരക്കണക്കിന് ആളുകൾ കൊല്ലപ്പെടുകയും ഭൂരിഭാഗം ജനങ്ങളും പലായനം ചെയ്യുകയും ചെയ്ത ഗാസയിൽ ഇസ്രയേൽഹമാസ് യുദ്ധം ഇപ്പോഴും രൂക്ഷമാണ്.



# ആന്റിബയോട്ടിക് സാക്ഷരത: വീട്ടിൽ നേരിട്ടെത്തി ബോധവത്ക്കരണവുമായി ആരോഗ്യ പ്രവർത്തകർ

## 14 ജില്ലകളിലും അവബോധ പ്രവർത്തനങ്ങൾ നടത്തും

**തിരുവനന്തപുരം:** ആന്റിബയോട്ടിക്കുകളുടെ അനാവശ്യവും അശാസ്ത്രീയവുമായ ഉപയോഗം തടയാൻ സംസ്ഥാന വ്യാപകമായി വിവിധ തരത്തിലുള്ള എഎംആർ (ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ്) അവബോധ പരിപാടികൾ നടത്തി വരുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആന്റിബയോട്ടിക്കുകൾ തിരിച്ചറിയാനായി അവ നീല നിറത്തിലുള്ള പ്രത്യേക കവറുകളിൽ നൽകാനുള്ള പദ്ധതി ആരംഭിച്ചു. ഡോക്ടറുടെ കുറിപ്പടിയില്ലാതെ ആന്റിബയോട്ടിക് നൽകരുതെന്ന് മെഡിക്കൽ സ്റ്റോറുകൾക്ക് കർശന നിർദേശം നൽകി. ഇതുകൂടാതെ എഎംആർ അവബോധം താഴെത്തട്ടിൽ എത്തിക്കുന്നതിനുള്ള പരിശ്രമത്തിലാണ് ആരോഗ്യ വകുപ്പ്. ഇതിന്റെ ഭാഗമായി എറണാകുളം ജില്ലയിൽ ആരോഗ്യ പ്രവർത്തകർ വീടുകളിൽ നേരിട്ടെത്തിയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തി. ജില്ലയിലെ 2 ലക്ഷത്തിലധികം വീടുകളിൽ എഎംആർ ബോധവൽക്കരണം പൂർത്തിയാക്കി. ബാക്കിയുള്ള മുഴുവൻ വീടുകളിലും എഎംആർ അവബോധം എത്തിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിലൂടെ ആന്റിബയോട്ടിക് ഉപയോഗം വളരെയേറെ കുറയ്ക്കാനായി. വിജയകരമായ മാതൃകയ്ക്ക് നേതൃത്വം നൽകിയ എറണാകുളം ജില്ലയിലെ മുഴുവൻ ടീം അംഗങ്ങളേയും മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

ആന്റിബയോട്ടിക് സാക്ഷരതയിൽ ഏറ്റവും പ്രധാനമാണ് അവബോധം. സാധാരണക്കാരിൽ അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായാണ് വീടുകളിലെത്തി ബോധവൽക്കരണം നൽകുന്നത്. പരിശീലനം ലഭിച്ച 2257 ആശാ പ്രവർത്തകരാണ് വീടുകളിലെത്തി ബോധവൽക്കരണം നടത്തുന്നത്. ഗ്രാമീണ മേഖല, നഗര മേഖല, ആദിവാസി മേഖല, അതിഥി തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങൾ എന്നിങ്ങനെ വിവിധ മേഖലകളിലാണ് അവബോധം നൽകിയത്.

ഒരു മാസം ഒരാൾ 50 വീടുകൾ എന്ന കണക്കിലാണ് അവബോധം നൽകിയത്. ഇതുകൂടാതെ വാർഡ് തല കമ്മിറ്റികളിലെ ജന പ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും അവബോധം നൽകി. മെഡിക്കൽ ഓഫീസർമാർ, എംഎൽഎസ്പി, ട്രാൻസ്ജെൻഡർ ലിങ്ക് വർക്കർമാർ, മൈഗ്രന്റ് കോ ഓഡിനേറ്റർമാർ എന്നിവരുടെ പിന്തുണയുമുണ്ടായിരുന്നു. അതിഥി തൊഴിലാളികൾക്ക് അവരവരുടെ ഭാഷകളിലാണ് അവബോധം നൽകിയത്.

ആന്റിബയോട്ടിക്കുകളുടെ അശാസ്ത്രീയമായ ഉപയോഗം കാരണം 2050 ആകുമ്പോഴേക്കും ലോകത്ത് ഒരു കോടി ആളുകൾ ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് കൊണ്ട് മരണമടയും എന്നാണ് ലോകാരോഗ്യ സംഘടന കണക്കാക്കിയിരിക്കുന്നത്.

ഇതുൾക്കൊണ്ട് സംസ്ഥാന ആരോഗ്യ വകുപ്പ് രാജ്യത്തിന് മാതൃകയായ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. അതിന്റെ തുടർച്ചയായാണ് ഈ ബോധവത്ക്കരണവും.



എറണാകുളം ചിറ്റേത്ത് ശ്രീബാലസുബ്രമഹ്ണ്യൻ ക്ഷേത്രത്തിൽ എത്തിച്ച പഴനിമല ശ്രീകോവിലിൽ പൂജിച്ച ശക്തിവേൽ സി.ജി രാജഗോപാൽ, ആർ. ബാബു, എം.ബി വിജയകുമാർ എന്നിവർ ചേർന്ന് സ്വീകരിച്ചപ്പോൾ. സ്വാമി സുനിൽ, സ്വാമി ലാലൻ ചിറ്റൂർ, അജിത് കുമാർ, വെണ്ണല പ്രദീപ്, ഐ.ബി ശശിധരൻ തുടങ്ങിയവർ സമീപം

# പഴനിയിൽ നിന്നെത്തിച്ച ശക്തിവേലിന് സ്വീകരണം നൽകി

**കൊച്ചി:** ശൂര സംഹാരത്തിനും ഭക്തരുടെ ഉപാസനയ്ക്കുമായി പഴനിമല ശ്രീകോവിലിൽ പൂജിച്ച ശക്തിവേലിന് എറണാകുളം ചിറ്റേത്ത് ശ്രീബാലസുബ്രമഹ്ണ്യൻ ക്ഷേത്രത്തിൽ സ്വീകരണം നൽകി. സ്വാമി സുനിൽ, സ്വാമി ലാലൻ ചിറ്റൂർ, അഖില ഭാരത നാരായണീയ മഹോൽസവ സമിതി ജില്ലാ പ്രസിഡന്റ് എസ് .അജിത് കുമാർ, വെണ്ണല പ്രദീപ് എന്നിവരുടെ നേതൃത്വത്തിൽ സ്കന്ദ ഷഷ്ഠി ദിനമായ ഇന്നലെ (നവംബർ 7) രാവിലെ ഒമ്പത് മണിയോടെ പഴനിയിൽ നിന്നും എത്തിച്ച ശക്തിവേൽ ക്ഷേത്രം അധികാരി സി.ജി രാജഗോപാൽ, ആർ. ബാബു, എം.ബി വിജയകുമാർ എന്നിവർ ചേർന്ന് ക്ഷേത്രത്തിലേക്ക് സ്വീകരിച്ചു. തുടർന്ന് ക്ഷേത്രേശൻ സ്വാമി സി.വി പുഷ്പൻ, ക്ഷേത്രം തന്ത്രി സി.എൻ സിജു എന്നിവർ ചേർന്ന് ശക്തിവേൽ ഏറ്റുവാങ്ങി ഭക്തർക്ക് ദർശിക്കുന്നതിനും സമർപ്പണം നടത്തുന്നതിനുമായി ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചു. തുടർന്ന് നടന്ന പൂജയ്ക്കും ദീപാരാധനയ്ക്കും ശേഷം അഖില ഭാരത നാരായണീയ സമിതി ജനറൽ സെക്രട്ടറി ഐ.ബി ശശിധരൻ ആദ്യ സമർപ്പണം നടത്തി. പൂയം മഹോൽസവ ദിനായ നവംബർ 22 വരെ ഭക്തർക്ക് ക്ഷേത്രത്തിൽ എത്തി ശക്തിവേൽ സമർപ്പിക്കാമെന്ന് ക്ഷേത്രം ജനറൽ കൺവീനർ സി.വി സജിനി അറിയിച്ചു.

# കെ.വി.വി.ഇ.എസ് എറണാകുളം നിയോജക മണ്ഡലം ഭാരവാഹികളെ തിരഞ്ഞെടുത്തു




എം. സി പോൾസൺ, എഡ്വേർഡ് ഫോസ്റ്റസ്

**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി (കെ.വി.വി.ഇ.എസ്) എറണാകുളം നിയോജക മണ്ഡലം കമ്മിറ്റിയുടെ പുതിയ ഭാരവാഹികളായി എം.സി പോൾസൺ (പ്രസിഡന്റ്), എഡ്വേർഡ് ഫോസ്റ്റസ് (ജനറൽ സെക്രട്ടറി), അബ്ദുൾ ഷുക്കൂർ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു. ടോമി കാനാട്ട്, സി.വി രാജു, കെ.ഒ ജോണി, കെ.സി അനസ് (വൈസ് പ്രസിഡന്റുമാർ), എസ്. മനോജ്കുമാർ, പോൾസ് പേട്ട, മുഹമ്മദലി, സുരേഷ് ഗോപി, ടി. എക്സ് മാർട്ടിൻ (ജോയിന്റ് സെക്രട്ടറിമാർ), എന്നിവർ സഹ ഭാരവാഹികളായി 42 അംഗ കമ്മിറ്റിയെയും യോഗം തിരഞ്ഞെടുത്തു. വ്യാപാര ഭവനിൽ നടന്ന സമ്മേളനം ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റും ജില്ലാ പ്രസിഡന്റുമായ പി.സി ജേക്കബ്ബ് ഉദ്ഘാടനം ചെയ്തു. എറണാകുളം ജില്ലാ ജനറൽ സെക്രട്ടറി അഡ്വ. എ.ജെ റിയാസ് മുഖ്യപ്രഭാഷണം നടത്തി. ട്രഷറർ സി. എസ് അജ്മൽ, വർക്കിംഗ് പ്രസിഡന്റ് ജിമ്മി ചക്യത്ത്, ജില്ലാ വൈസ് പ്രസിഡന്റ് മാരായ അബ്ദുൾ റസാഖ്, അസീസ് മൂലയിൽ, ജില്ലാ സെക്രട്ടറി കെ.ടി ജോയ്,ജില്ലാ സെക്രട്ടറിയേറ്റംഗം കെ.എ നാദിർഷ,യൂത്ത് വിംഗ് നിയോജകമണ്ഡലം പ്രസിഡന്റ് പ്രദീപ് ജോസ്, വനിതാ വിംഗ് നിയോജകമണ്ഡലം പ്രസിഡന്റ് ജയാ പീറ്റർ, തുടങ്ങിയവർ സംസാരിച്ചു.

# സ്രാങ്ക് പരിശീലന പരിപാടിയിൽ അപേക്ഷിക്കാം

**കോഴിക്കോട്:** മത്സ്യബന്ധന യാനങ്ങളിൽ പണിയെടുക്കുന്ന സ്രാങ്ക്മാർക്കായി 202425 സാമ്പത്തിക വർഷം സിഐഎഫ്എൻഇടിയിൽ സംഘടിപ്പിക്കുന്ന സ്രാങ്ക് പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിലേക്കായി കോഴിക്കോട് ജില്ലയിൽ നിന്നും 2155 പ്രായമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. എട്ടാം ക്ലാസ്സും, എഞ്ചിൻ ഡ്രൈവർ/സ്രാങ്ക് രണ്ട് വർഷത്തിൽ കുറയാത്ത പ്രവർത്തി പരിചയം അല്ലെങ്കിൽ 5 വർഷത്തിൽ കുറയാത്ത ഡെക്ക് ഹാന്റ് പ്രവർത്തി പരിചയം ഉള്ളവർക്ക് അപേക്ഷിക്കാം. ഫോൺ: 04952383780.

# കോട്ടയം സമ്പൂർണ ഡിജിറ്റൽ സാക്ഷര ജില്ല; പ്രഖ്യാപനം നടത്തി



**കോട്ടയം:** ഡിജി കേരളം സമ്പൂർണ ഡിജിറ്റൽ സാക്ഷരത പദ്ധതിയുടെ ഭാഗമായി കോട്ടയം ജില്ലയെ സമ്പൂർണ ഡിജിറ്റൽ സാക്ഷര ജില്ലയായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ബിന്ദു പ്രഖ്യാപിച്ചു. ജില്ലയിലെ വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലായി പ്രവർത്തിക്കുന്ന കുടുംബശ്രീ പ്രവർത്തകർ, വിദ്യാർഥികൾ, ഹരിത കർമ സേന, ആശാ വർക്കർമാർ, സാക്ഷരത മിഷൻ പ്രവർത്തകർ ഉൾപ്പെടെ 19664 സന്നദ്ധ പ്രവർത്തകരാണ് 72350 പഠിതാക്കളെ കണ്ടെത്തിയതും പരിശീലനം നൽകിയതും. മാമ്മൻ മാപ്പിള ഹാളിൽ നടന്ന യോഗത്തിൽ കോട്ടയം നഗരസഭാ അധ്യക്ഷ ബിൻസി സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ചു.

ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് മുകേഷ് കെ മണി, ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ സെക്രട്ടറി അജയൻ കെ. മേനോൻ, തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ ബിനു ജോൺ, ഡിജി കേരളം നോഡൽ ഓഫീസർ സി.ആർ പ്രസാദ്, പ്രോജക്റ്റ് ഡയറക്ടർ ബെവിൻ ജോൺ വർഗീസ്, കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ അഭിലാഷ് കെ ദിവാകർ, ആർ.ജി.എ.എസ്.എ. വിജയ്ഘോഷ് എന്നിവർ പ്രസംഗിച്ചു.

# കുടുംബശ്രീയുടെ പ്രദർശനവും സംരംഭക മീറ്റും സംഘടിപ്പിച്ചു



**കോട്ടയം:** കാർഷികസംരംഭക പ്രവർത്തനങ്ങൾ യുവതലമുറയ്ക്കു പരിചയപ്പെടുത്തുന്നതിനും സംരംഭക മേഖലയിലെ നൂതന സാങ്കേതികവിദ്യകളും സാധ്യതകളും കുടുംബശ്രീ സംരംഭകർക്ക് പ്രയോജനപ്പെടുത്തുന്നതിനുമായി കെ.എ. ബിസ്നെസ്റ്റ് എന്ന അഗ്രി ബിസിനിസ് ശൃംഖലയ്ക്കു കുടുംബശ്രീ തുടക്കം കുറിച്ചു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ വിവിധ കോളജുകളുമായി ചേർന്നു സംഘടിപ്പിക്കുന്ന പരിപാടികളുടെ ഭാഗമായി പാത്താമുട്ടം സെന്റ് ഗിറ്റ്സ് കോളജ് ഓഫ് എൻജിനീയറിങ്ങ് ഫുഡ് ടെക്നോളജി ഡിപ്പാർട്മെന്റുമായി ചേർന്നു കുടുംബശ്രീ ജില്ലാ മിഷൻ സെന്റ് ഗിറ്റ്സ് കോളജ് ക്യാമ്പസിൽ സംഘടിപ്പിച്ച സംരംഭക മീറ്റും പ്രദർശനവും.

പ്രിൻസിപ്പൽ പ്രൊഫ. ഡോ. ടി. സുധ ഉദ്ഘാടനം ചെയ്തു. കുടുംബശ്രീ സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ ഡോ. ഷാനവാസ്, ജില്ലാ മിഷൻ കോ ഓർഡിനേറ്റർ പ്രകാശ് ബി നായർ, ജില്ലാ പ്രോഗ്രാം മാനേജർ അനൂപ് ചന്ദ്രൻ, വകുപ്പ് മേധാവി ഡോ. എൽസ ചെറിയാൻ, സിഡിഎസ്സ് ചെയർപേഴ്സൺ ബിന്ദു ജിജി എന്നിവർ പ്രസംഗിച്ചു.

കുടുംബശ്രീ സംരംഭകരുടെ വിജയ മാതൃകകൾ പുതുതലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിനും ഉൽപന്നങ്ങളുടെ വിപണനം കാര്യക്ഷമാക്കുന്നതിനുമുള്ള ആശയങ്ങൾ, സാധ്യതകൾ എന്നിവ ചർച്ച ചെയ്യുന്നതിനായി വിവിധ പരിശീലന പരിപാടികളും കോളേജ് വിദ്യാർഥികളും കുടുംബശ്രീ സംരംഭകരുമായുള്ള ആശയ വിനിമയ ചർച്ചകൾ നടന്നു. കുടുംബശ്രീ സംരംഭകരുടെ ഉൽപന്നങ്ങളുടെ പ്രചാരണത്തിന്റെ ഭാഗമായി റീൽസ് മത്സരങ്ങൾ സംഘടിപ്പിച്ചു.

# ബംഗാൾ കലോത്സവത്തിന് കൊച്ചിയിൽ നാളെ തിരിതെളിയും

**കൊച്ചി :** മൂന്നു ദിവസത്തെ ബംഗാൾ കലോത്സവത്തിന് കൊച്ചിയിലെ കേരള ഫൈൻ ആർട്സ് സൊസൈറ്റി ഹാളിൽ നാളെ തിരിതെളിയും. പശ്ചിമബംഗാൾ ഗവർണർ ഡോ സി.വി.ആനന്ദബോസ് നാളെ വൈകിട്ട് ഉദ്ഘാടനം നിർവഹിക്കും.കേന്ദ്ര സാംസ്കാരിക മന്ത്രാലയത്തിന്റെ കീഴിലുള്ള സാംസ്കാരിക സ്ഥാപനങ്ങളായ സൗത്ത് സോൺ കൾച്ചറൽ സെന്റർ, ഈസ്റ്റേൺ സോൺ കൽച്ചറൽ സെന്റർ എന്നിവ സംയുക്തമായി കൊച്ചിൻ ഫൈൻ ആർട്സ് സൊസൈറ്റിയുമായി സഹകരിച്ചാണ് പരിപാടി നടത്തുന്നതെന്ന് സൗത്ത് സോൺ കൾച്ചറൽ സെന്റർ ഡയറക്ടർ കെ.കെ ഗോപാലകൃഷ്ണൻ വാർത്താ സമ്മേളനത്തിൽ അറിയിച്ചു .പരിപാടിയുടെ ഭാഗമായി വെള്ളി, ഞായർ ദിവസങ്ങളിൽ വൈകുന്നേരം 6 മണിക്കും ശനിയാഴ്ച വൈകുന്നേരം 4 മണിക്കുമാണ് കലാ പരിപാടികൾ സംഘടിപ്പിക്കുന്നത്. ശനിയാഴ്ച രാത്രി എട്ടരയ്ക്ക് കേരളത്തിലെ ബംഗാളി സമൂഹത്തിന്റെ പരിപാടികളുമുണ്ടാകും.എല്ലാ പരിപാടികളിലേക്കും പ്രവേശനം സൗജന്യമാണ് .പശ്ചിമബംഗാൾ ഗവർണറായി ഡോ സി.വി ആനന്ദബോസ് ചുമതലയേറ്റതിന്റെ രണ്ടാം വാർഷികവേളയിൽ രൂപംനൽകിയ 'അപ്നാ ഭാരത് ജഗ്ദ ബംഗാൾ' എന്ന ജനകീയ ദൗത്യത്തിന്റെ ഭാഗം കൂടിയാണിത്.

ബംഗാളിലെ പുരാതന വാദ്യോപകരണങ്ങളുടെ വാദനം, രവീന്ദ്രനാഥ ടാഗോർ എഴുതിയ നാല് നൃത്താധിഷ്ഠിത നാടകങ്ങൾ, പ്രശസ്തമായ 'ബാവുൾ ഗാനങ്ങൾ', ഷെഹനായി,ദുർഗാപൂജ ഉത്സവത്തിന്റെ അവിഭാജ്യ ഘടകമായ ധക്, പുരാണകഥകൾ കോർത്തിണക്കിയുള്ള പുരാതനി സംഗീതം, പുരുലിയ ജില്ലയിൽ രൂപംകൊണ്ട അത്യന്തം വർണാഭവും ചടുലവുമായ 'പുരുലിയ ഛൗ നൃത്തരൂപം', പുരാതന തനതു നൃത്തരൂപമായ 'ഗൗഡിയ നൃത്യ', ബംഗാളിന്റെ നാടോടി സംസ്കാരത്തിന്റെ ഭാഗമായ 'ശ്യാമസംഗീതം', എന്നിങ്ങനെ തനതുകലകളും കളികളും ഒരുവേദിയിൽ കണ്ടാസ്വദിക്കാനുള്ള അപൂർവ അവസരമാണ് ഇതിലൂടെ കൊച്ചിനിവാസികൾക്ക് ലഭിക്കുക എന്ന് ശ്രീ കെ.കെ ഗോപാലകൃഷ്!ണൻ അറിയിച്ചു .

രവീന്ദ്രനാഥ ടാഗോർ, കാസി നസ്റുൽ ഇസ്ലാം, ദിജേന്ദ്രലാൽ റോയ്, രജനികാന്ത സെൻ, അതുൽ പ്രസാദ് സെൻ പഞ്ചകവികളുടെ പ്രശസ്ത ഗാനങ്ങൾ കോർത്തിണക്കിയ പഞ്ചകബീർ ഗാനമാലയാണ് ബാംഗാളികലോത്സവത്തിലെ മറ്റൊരു പ്രമുഖ്യയിനം.ബംഗാളിലെ പ്രശസ്ത കവി റിനാ ഗിരി, കഥാകൃത്ത് ജയന്ത ഡേ, കവിയും ചെറുകഥാകൃത്തുമായ ഡോ. തമാൽ ലാഹ , മലയാളത്തിലെ എഴുത്തുകാരായ ഡോ എം.ജി ശശിഭൂഷൺ, ആലംകോട് ലീലാകൃഷ്ണൻ, പായിപ്ര രാധാകൃഷ്ണൻ എന്നിവർ പങ്കെടുക്കുന്ന സാഹിത്യ ചർച്ചയും ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്. കേരള ഫൈൻ ആർട്സ് സൊസൈറ്റി പ്രസിഡന്റ് ജി.ഗോപിനാഥൻ, ജോയിന്റ് സെക്രട്ടറി കെ.എസ്.പ്രകാശ് എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.




## മുനമ്പം ഭൂസമരം: മതസ്പർദ്ധ വളർത്തരുതെന്ന് പൊളിറ്റിക്കൽ മൂവ്മെന്റ്

**കൊച്ചി:** മുനമ്പത്ത് ഭൂമിവിഷയത്തിൽ ജാതി മത രാഷ്ട്രീയ പരിഗണന നോക്കാതെ ഇരകൾക്കൊപ്പം കേരളീയ സമൂഹം ഒറ്റക്കെട്ടായി നിൽക്കണമെന്ന് കൊച്ചിയിൽ ചേർന്ന പൊളിറ്റിക്കൽ മൂവ്മെന്റ് ഓഫ് കേരള (പി എം കെ ) നേതൃസംഗമം ആവശ്യപ്പെട്ടു. ജീവകാരുണ്യ പ്രവർത്തനത്തിന് ഊന്നൽ നൽകുന്ന പുതിയൊരു രാഷ്ട്രീയ സംസ്കാരം കേരളത്തിൽ വളർത്തിയെടുക്കണമെന്ന് സംഘടനയുടെ രാഷ്ട്രീയ പ്രമേയം ആഹ്വാനം ചെയ്തു. നാഷണലിസ്റ്റ് കേരള കോൺഗ്രസ് ചെയർമാൻ കുരുവിള മാത്യൂസ് ദീപം തെളിച്ചു. മൂവ്മെന്റ് ചെയർമാൻ ടി.ആർ. ദേവൻ അദ്ധ്യക്ഷതവഹിച്ചു. നേതാക്കളായ ജേക്കബ് തോമസ്. ജി സന്തോഷ് കുമാർ, അനിൽ കുളങ്ങര കാട്ടിൽ,എമിൽ ജോൺ, കെ ബി വേണു. സാബു കുമ്പളങ്ങി, ഹരി ഇടമറുക്, കാലടി സിനിൽ കുമാർ, അനസ് മുത്തോളി, സലീം, കിഷോർ പാപ്പച്ചൻ, മനോജ് കുമാർ, ബിജു ഫിൻ ടെക് എന്നിവർ പ്രസംഗിച്ചു.



## ഡ്രിഫ്റ്റ് വുഡ് ശിൽപ്പ ചിത്ര പ്രദർശനത്തിന് തുടക്കം

**കൊച്ചി:** മഹാകവി ജി സ്മാരക കേന്ദ്രം ആർട്ട് ഗാലറിയിൽ ഡ്രിഫ്റ്റ് വുഡ് ശിൽപ്പ ചിത്ര പ്രദർശനത്തിന് തുടക്കം കുറിച്ചു. ലളിത കലാ അക്കാദമി ചെയർപേഴ്സൺ മുരളി ചീരോത്ത് പ്രദർശനം ഉദ്ഘാടനം ചെയ്തു. കരസേനയിൽ മെഡിക്കൽ വിഭാഗത്തിൽ നിന്ന് വിരമിച്ച കലാകാരൻ ഡോ. കേണൽ. ടോമി വർഗീസ് തയ്യാറാക്കിയ ഡ്രിഫ്റ്റ് വുഡ് ശിൽപ്പങ്ങളും ചിത്രങ്ങളുമാണ് പ്രദർശനത്തിനുള്ളത്. ശിൽപ്പചിത്ര പ്രദർശനം നവംബർ 17 വരെ മഹാകവി ജി സ്മാരക കേന്ദ്രം ആർട്ട് ഗാലറിയിൽ നടക്കും. രാവിലെ 11:00 മണി മുതൽ വൈകിട്ട് 7:00 വരെ ആണ് പ്രദർശന സമയം.



**ഈ വർഷത്തെ ഗ്ലോബൽ വെൽ റെസ്പെക്ടഡ് സി. ഇ. ഒ. അവാർഡ് ഡോ. ലാലു ജോസഫിന് യു. എ. ഇ. ലെ സാമ്പിയ അംബാസിഡർ ഹിസ് എക്സലെൻസി ഫാഫ സന്യാങ്, ദുബായിലെ ക്രൗൺ പ്ലാസയിൽ വച്ച് നടന്ന ചടങ്ങിൽ സമ്മാനിക്കുന്നു. സമീപം ഭാര്യ വിമല ലാലു.**



**റൂറൽ ജില്ലാ പോലീസ് കായിക മേളയുടെ ലോഗോ ജില്ലാ പോലീസ് മേധാവി വൈഭവ് സക്സേന ഡിവൈഎസ്പി വി.എസ് നവാസിന് നൽകി പ്രകാശനം ചെയ്യുന്നു. ഏഴു മുതൽ പന്ത്രണ്ട് വരെ ആലുവ, പെരുമ്പാവൂർ, മൂവാറ്റുപുഴ, പുത്തൻകുരിശ്, മുനമ്പം സബ് ഡിവിഷനുകളിലായാണ് മത്സരം നടക്കുന്നത്.**

## ഫോട്ടോജേണലിസം ഡിപ്ലോമ: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ സ്വയംഭരണ സ്ഥാപനമായ കേരള മീഡിയ അക്കാദമി കൊച്ചി, തിരുവനന്തപുരം സെന്ററുകളിൽ നടത്തുന്ന ഫോട്ടോജേണലിസം കോഴ്സിന്റെ 13ാം ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. തിയറിയും പ്രാക്ടിക്കലും ഉൾപ്പെടെ മൂന്നു മാസമാണ് കാലാവധി. ശനി, ഞായർ ദിവസങ്ങളിലാണ് ക്ലാസുകൾ. ഓരോ സെന്ററിലും 25 സീറ്റുകൾ ഉണ്ട്. സർക്കാർ അംഗീകാരമുള്ള കോഴ്സിന് 25,000 രൂപയാണ് ഫീസ്. പ്ലസ്ടു വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷകൾ www.keralamediaacademy.org യിലൂടെ സമർപ്പിക്കാം. സർട്ടിഫിക്കറ്റുകളുടെ പകർപ്പും അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി നവംബർ 23. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: (കൊച്ചി സെന്റർ) 8281360360, 04842422275, (തിരുവനന്തപുരം സെന്റർ) 9447225524, 04712726275.

## കേരള മീഡിയ അക്കാദമി അന്തർദേശീയ ചലച്ചിത്ര മേള സംഘടിപ്പിക്കും

**കൊച്ചി:** മാധ്യമ പ്രവർത്തനം പ്രമേയമാക്കിയുള്ള അന്തർദേശീയ ചലച്ചിത്ര മേള കേരള മീഡിയ അക്കാദമി ഉടൻ സംഘടിപ്പിക്കുമെന്ന് ചെയർമാൻ ആർ.എസ്.ബാബു അറിയിച്ചു. സർഗ്ഗാത്മകവും സാങ്കേതികവുമായ നൂതന പ്രവണതകൾ ചലച്ചിത്ര/മാധ്യമ വിദ്യാർത്ഥികളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണിത്. വിഖ്യാത ചലച്ചിത്രങ്ങൾക്കൊപ്പം ചലച്ചിത്രകാരന്മാരായ മാധ്യമ പ്രവർത്തകരുടെ ചലച്ചിത്രങ്ങളും ഡോക്യുമെന്ററികളും മേളയിൽ ഉണ്ടാകും. മാധ്യമ പ്രവർത്തകരായ ചലച്ചിത്രകാരന്മാരുമായി വിദ്യാർത്ഥികൾക്കും മാധ്യമ പ്രവർത്തകർക്കും സംവാദവും ഉണ്ടാകും. ബന്ധപ്പെട്ട എല്ലാ മേഖലയിൽ നിന്നുള്ളവരുടേയും സഹകരണത്തോടെയാകും മേള സംഘടിപ്പിക്കുകയെന്നും അദ്ദേഹം അറിയിച്ചു. അക്കാദമിയിൽ ഫിലിം ക്ലബ്ബ് ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 'ഫസ്റ്റ് കട്ട് ഫിലിം സൊസൈറ്റി' എന്ന പേരിൽ കേരള മീഡിയ അക്കാദമിയുടെ ചലച്ചിത്ര ക്ലബ്ബ് സംവിധായകൻ അരുൺ ബോസ് ഉദ്ഘാടനം ചെയ്തു.

കാതൽ സിനിമയിലൂടെ മികച്ച തിരക്കഥാകൃത്തിനുള്ള സംസ്ഥാന പുരസ്കാരം നേടിയ മീഡിയ അക്കാദമി പൂർവ വിദ്യാർത്ഥി ആദർശ് സുകുമാരനെ ചടങ്ങിൽ ആദരിച്ചു. നിരന്തരം മാറ്റത്തിന് വിധേയമാകുന്ന സിനിമയുടെ ഭാഷയെക്കുറിച്ചും സിനിമ തിരുത്തുന്ന സാമൂഹിക കാഴ്ചപ്പാടുകളെക്കുറിച്ചും പ്രശസ്ത ചലച്ചിത്ര സംയോജകൻ ബി.അജിത് കുമാർ പ്രഭാഷണം നടത്തി.

ഫിലിം ക്ലബ് ലോഗോ ഡിസൈൻ ചെയ്ത പി. ആർ & അഡ്വർടൈസിംഗ് വിദ്യാർത്ഥി സായന്തിനെ ചടങ്ങിൽ അനുമോദിച്ചു. അക്കാദമി സെക്രട്ടറി അനിൽ ഭാസ്കർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷൻ ഡയറക്ടർ കെ. രാജഗോപാൽ, അധ്യാപിക വി.ജെ.വിനീത, വിദ്യാർത്ഥികളായ മുഹമ്മദ് ഇസ്സത്ത്, സാന്ദ്ര യേശുദാസ്, ദശമി, ധനഞ്ജയൻ തുടങ്ങിയവർ പങ്കെടുത്തു. ഇതോടൊപ്പം ചലച്ചിത്ര പ്രദർശനവും വിദ്യാർത്ഥികളുടെ കലാപരിപാടികളും നടത്തി.

## വൈക്കം സത്യാഗ്രഹം ശതാബ്ദി ആഘോഷം സംഘടിപ്പിച്ചു

**കോട്ടയം:** വൈക്കം ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ വൈക്കം സത്യാഗ്രഹം ശതാബ്ദി ആഘോഷവും, അക്ഷരജാല വായനക്കളരി പുസ്തക വിതരണവും പ്രൊഫ. എം. കെ സാനു ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്തിന്റെ വൈക്കം മുഹമ്മദ് ബഷീർ സ്മാരക ഹാളിൽ നടന്ന സമ്മേളനത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. കെ. കെ രഞ്ജിത്ത് അദ്ധ്യക്ഷത വഹിച്ചു. വൈക്കം സത്യാഗ്രഹ സമര ചരിത്ര ഗ്രന്ഥകാരൻ അഡ്വ. പി. കെ ഹരികുമാർ, വൈക്കം എ. ഇ. ഓ ജോളിമോൾ ഐസക്, എം. കെ ശീമോൻ, രേഷ്മ പ്രവീൺ, ജസീല നവാസ്, എസ്. ബിജു, വീണ എന്നിവർ പ്രസംഗിച്ചു.




# ട്രാക്കിൽ മൂന്ന് റെക്കോഡുകൾ
# മുന്നേറ്റം തുടർന്ന് തിരുവനന്തപുരം, അത് ലറ്റിക്സിൽ പാലക്കാട്

കേരള സ്കൂൾ കായിക മേളയിൽ അത് ലറ്റിക് മത്സരങ്ങളുടെ ആദ്യദിനത്തിൽ മഹാരാജാസ് കോളേജ് ഗ്രൗണ്ടിലെ സിന്തറ്റിക് ട്രാക്കിൽ പിറന്നത് മൂന്ന് മീറ്റ് റെക്കോഡുകൾ.

3000 മീറ്റർ ഓട്ടത്തിൽ മലപ്പുറം ചീക്കോട് കെ കെ എം എച്ച് എസ് എസിലെ പ്ലസ് ടു വിദ്യാർത്ഥി എം പി മുഹമ്മദ് അമീനാണ് ട്രാക്കിലെ ആദ്യ മീറ്റ് റെക്കോഡ് നേടിയത്. സീനിയ4 ബോയ്സ് വിഭാഗത്തിൽ 400 മീറ്റ4 ഓട്ടത്തിൽ ജിവി രാജ സ്പോ4ട്ട്സ് സ്കൂളിലെ മുഹമ്മദ് അഷ്ഫാഖ്, സീനിയർ ആൺകുട്ടികളുടെ പോൾ വാൾട്ടിൽ ശിവദേവ് രാജീവ് എന്നിവരാണ് അത് ലറ്റിക്സിൽ റെക്കോഡ് സ്വന്തമാക്കിയത്. സീനിയ4 ആൺകുട്ടികളുടെ വിഭാഗത്തിൽ 3000 മീറ്റ4 കെ.സി. മുഹമ്മദ് ജസീൽ ബെസ്റ്റ് മീറ്റ് റെക്കോഡ് നേട്ടം സ്വന്തമാക്കി.

സീനിയർ ആൺകുട്ടികളുടെ പോൾ വാൾട്ടിൽ ദേശീയ റെക്കോഡ് മറികടന്ന കോതമംഗലം മാർ ബേസിൽ സ്കൂളിലെ പ്ലസ് ടൂ വിദ്യാർഥി ശിവദേവ് രാജീവ് ആണ് ട്രാക്കിലെ ഇന്നത്തെ താരം. പന്ത്രണ്ട് വർഷം പഴക്കമുള്ള 4.61 മീറ്ററിന്റെ റെക്കോഡ് ആണ് 4.80 മീറ്റർ ചാടി മറികടന്നത്. സീനിയർ ആൺകുട്ടികളുടെ 5000 മീറ്റർ നടത്തത്തിൽ മലപ്പുറം കടകശ്ശേരി ഐഡിയൽ ഇന്റർ നാഷണൽ സ്കൂളിലെ മുഹമ്മദ് സുൽത്താൻ അത് ലറ്റിക്സിലെ ആദ്യ സ്വർണം നേടി.

അകാട്ടിക്സിൽ ഇതുവരെ 21 റെക്കോഡുകൾ. ഗെയിംസിൽ 410 ഇനങ്ങളും അകാട്ടിക്സിൽ 85 മത്സരങ്ങളും പൂ4ത്തിയായി. രണ്ട് വിഭാഗങ്ങളിലും തിരുവനന്തപുരം മുന്നേറ്റം തുടരുകയാണ്. ആകെയുള്ള 98 അത് ലറ്റിക് മത്സരയിനങ്ങളിൽ 15 എണ്ണം പൂ4ത്തിയായപ്പോൾ പാലക്കാടാണ് മുന്നിൽ.

# ഗോൾ വല നിറച്ച് കണ്ണൂർ ചാമ്പ്യന്മാർ

## ജയം എതിരില്ലാത്ത എട്ട് ഗോളുകൾക്ക്

**കൊച്ചി:** സംസ്ഥാനസ്കൂൾ കായികമേളയിൽ 19 വയസിന് താഴെയുള്ള പെൺകുട്ടികളുടെ ഫുട്ബോൾ മത്സരത്തിൽ കണ്ണൂരിന് പൊൻതിളക്കം. കളിയിലെ മുഴുവൻ സമയത്തും കോഴിക്കോടിന്റ പോസ്റ്റിൽ നിറഞ്ഞ് കളിച്ച കണ്ണൂർ ടീം ഫൈനൽ ഫിസിൽ മുഴങ്ങുമ്പോൾ എട്ട് ഗോൾ നേടിയാണ് ചാമ്പ്യന്മാരായത്. രണ്ടാം സ്ഥാനം കോഴിക്കോടും മൂന്നാം സ്ഥാനം തൃശൂരും നേടി.കണ്ണൂർ ടീമിന്റെ ക്യാപ്റ്റനും രാജ്യാന്തര താരവുമായ ഷിൽജി ഷാജി ആറ് ഗോൾ നേടിയപ്പോൾ അന്ന മാത്യു, ബി. സുബി എന്നിവർ ഓരോ ഗോളുകൾ വീതം കണ്ണൂരിന് നേടിക്കൊടുത്തു. തികച്ചും പതിഞ്ഞ രീതിൽ കളിച്ച കോഴിക്കോട് ടീം മൽസരത്തിലുടനീളം ഒരുതരത്തിലുള്ള വെല്ലുവിളിയും ഉയർത്താത്തത് കണ്ണൂരിന്റെ വിജയം എളുപ്പമാക്കി. മത്സരത്തിലെ മികച്ച താരമായി കണ്ണൂരിന്റെ ഷിൽജി ഷാജിയെ തിരഞ്ഞെടുത്തപ്പോൾ ഭാവിതാരമായി തൃശ്ശൂരിന്റെ വി. എസ് ആർദ്ര തിരഞ്ഞെടുക്കപ്പെട്ടു. മത്സരത്തിൽ വിജയികളായ കണ്ണൂർ ടീമിന് പി വി ശ്രീനിജിൻ എം. എൽ. എ ട്രോഫി നൽകി. മുൻ രാജ്യാന്തര ഫുട്ബോൾ താരങ്ങളായ കെ.ടി ചാക്കോ, ഫിറോസ് ഷെരീഫ്, സ്പോർട്സ് ഓർഗൈനസർ ഡോ. സി.എസ് പ്രദീപ് എന്നിവർ വിജയികൾക്ക് മെഡ




# അത്‌ലറ്റിക്സിൽ ആദ്യ മീറ്റ് റെക്കോർഡുമായി മുഹമ്മദ് അമീൻ

### ചീക്കോട് സ്കൂളിന് ഇരട്ടനേട്ടം

**കൊച്ചി:** സംസ്ഥാനസ്കൂൾ കായികമേളയിലെ അത് ലറ്റിക്സ് മത്സരങ്ങൾക്ക് മഹാരാജാസ് കോളേജ് മൈതാനത്ത് തുടക്കമായപ്പോൾ ആദ്യ മീറ്റ് റെക്കോർഡുമായി എം പി മുഹമ്മദ് അമീൻ. സീനിയർ ആൺകുട്ടികളുടെ 3000 മീറ്റർ ഓട്ടത്തിലാണ് മലപ്പുറം ചീക്കോട് കെ കെ എം എച്ച് എസ് എസിലെ പ്ലസ് ടു വിദ്യാർത്ഥിയായ അമീൻ റെക്കോർഡ് നേട്ടം കൈവരിച്ചത്. 8:37.69 സമയത്തോടെയാണ് അമീൻ ഒന്നാമതെത്തിയത്. 8:38.41 സമയത്തിൽ രണ്ടാമതെത്തിയ അതേ സ്കൂളിലെ കെ സി മുഹമ്മദ് ജസീലും (ചീക്കോട് കെ കെ എം എച്ച് എച്ച് എസ്) മുമ്പ് കുറിച്ച മീറ്റ് റെക്കോർഡ് മറികടന്നു. 8:39.77 ആണ് മുമ്പുണ്ടായിരുന്ന റെക്കോർഡ്.

സ്കൂളിലെ കോച്ച് ആമിർ സുഹൈലിന് കീഴിലാണ് ഇരുവരും പരിശീലിക്കുന്നത്. കഴിഞ്ഞ സ്കൂൾ കായിക മേളയിൽ ഇതേ ഇനത്തിൽ അമീനും ജസീലിനും തന്നെയായിരുന്നു സ്വർണവും വെള്ളിയും. ജസീൽ കൂടെ മത്സരിക്കാൻ ഉണ്ടാകുമ്പോൾ ടെൻഷനൊക്കെ പോകുമെന്നാണ് അമീൻ പറയുന്നത്.

’കഴിഞ്ഞ തവണ ഒന്നാമത് എത്തിയെങ്കിലും റെക്കോർഡ് നേടാനായില്ല. ഇത്തവണ റെക്കോർഡ് നേടണമെന്ന ആഗ്രഹത്തോടെ തന്നെയാണ് തയ്യാറെടുപ്പ് നടത്തിയത്. റെക്കോഡ് നേടാനായതിൽ സന്തോഷം ഉണ്ട് അമീൻ കൂട്ടിച്ചേർത്തു. ട്രാക്കിൽ ഇറങ്ങിയാൽ ജയിക്കുകയെന്നത് മാത്രമാണ് ലക്ഷ്യമെന്ന് ജസീലും പറഞ്ഞു. അന്താരാഷ്ട്രതലത്തിൽ മെഡൽ നേടണം എന്നാണ് ഇരുവരുടെയും ആഗ്രഹം. ബിസിനസുകാരനായ അബ്ദുറഹ്മാന്റെയും മുനീറയുടെയും മകനാണ് അമീൻ.

പ്രവാസി മലയാളി ജമാലിന്റെയും സഫരീനയുടെയും മകനാണ് ജസീൽ.1500 മീറ്ററിലും ക്രോസ്കൺട്രിയിലും ഇരുവരും മത്സരിക്കുന്നുണ്ട്. പാലക്കാട് പനങ്ങാടിരി ആർ പി എം എച്ച് എച്ച് എസിലെ പി ബി അശ്വിൻ ബാബുവിനാണ് സീനിയർ ആൺകുട്ടികളുടെ 3000 മീറ്ററിൽ വെങ്കല മെഡൽ

സൊസൈറ്റി ടുഡേ
SOCIETY TODAY



സംസ്ഥാനസ്കൂൾ കായികമേളയിൽ  പെൺകുട്ടികളുടെ ഫുട്ബോൾ മത്സരത്തിൽ സ്വർണം നേടിയ കണ്ണൂർ

# സീനിയർ ആൺകുട്ടികളുടെ വോളിയിൽ കോഴിക്കോടിന് വിജയം

സംസ്ഥാനസ്കൂൾ കായികമേളയിലെ സീനിയർ ആൺകുട്ടികളുടെ വോളിബോളിൽ കോഴിക്കോട് ചാമ്പ്യൻമാരായത് കഴിഞ്ഞ വർഷത്തെ വിജയികളായ കോട്ടയത്തെ തോൽപ്പിച്ച്. ഒന്നിനെതിരേ മൂന്ന് സെറ്റുകൾക്കാണ് വിജയം. തിരുവനന്തപുരം മൂന്നാം സ്ഥാനം നേടി. നീന്തലിൽ ഹാട്രിക് റെക്കോഡ് നേട്ടവുമായി അഭിനവും മോ9ഗം സാംദേവും

നീന്തൽ മത്സരങ്ങളിൽ ഹാട്രിക് റെക്കോഡ് നേട്ടവുമായി തിരുവനന്തപുരം എം വി എച്ച് എസ് എസ് തുണ്ടത്തിൽ സ്കൂളിലെ വിദ്യാർഥികളായ എസ്. അഭിനവും മോർഗം തീർഥു സാംദേവും.  സീനിയർ ബോയ്സ് വിഭാഗം 200 മീറ്റർ ബാക്ക് സ്ട്രോക്കിലും 100 മീറ്റർ ബാക്ക് സ്ട്രോക്കിലും 400 മീറ്റർ വ്യക്തിഗത മെഡ്ലെയിലുമാണ് അഭിനവ് നിലവിലെ റെക്കോർഡുകൾ മറികടന്നത്. 200 മീറ്റർ ബാക്ക് സ്ട്രോക്കിൽ നിലവിലെ റെക്കോർഡായ 02:20.65 മറികടന്ന് 02:12.53 സമയത്തിലാണ് അഭിനവ് ഫിനിഷ് ചെയ്തത്. 100 മീറ്റർ ബാക്ക് സ്ട്രോക്കിൽ നിലവിലെ റെക്കോർഡായ 01:02.27 മറികടന്ന് 01:02.12 എന്ന പുതിയ വേഗം കുറിച്ചു. 400 മീറ്റർ വ്യക്തിഗത മെഡ്ലെയിൽ നിലവിലെ റെക്കോർഡായ 4:53.75 മറികടന്ന് 4:47. 86 ൽ ഫിനിഷ് ചെയ്തു.

കഴിഞ്ഞവർഷത്തെ ദേശീയ സ്കൂൾ കായികമേളയിലെ സുവർണ നേട്ടത്തിനു പിന്നാലെയാണ് അഭിനവിന് സംസ്ഥാന സ്കൂൾ കായികമേളയിൽ നീന്തലിൽ ഹാട്രിക് റെക്കോഡ് നേടിയിരിക്കുന്നത്. സീനിയർ ആൺകുട്ടികളുടെ 100 മീറ്റർ ബാക്ക് സ്ട്രോക്കിൽ രണ്ടു വർഷം മുമ്പത്തെ മീറ്റ് റെക്കോഡ് തിരുത്തിയാണ് അഭിനവ്  സ്വർണമണിഞ്ഞത്.

ജൂനിയ4 ആൺകുട്ടികളുടെ വിഭാഗത്തിൽ 400 മീറ്റർ വ്യക്തിഗത മെഡ്ലെ, 800 മീറ്റർ ഫ്രീ സ്റ്റൈൽ, 400 മീറ്റർ ഫ്രീ സ്റ്റൈൽ എന്നീ വിഭാഗങ്ങളിലാണ് മോർഗം തീർഥു സാംദേവ് സ്വ4ണ്ണം നേടിയത്.

400 മീറ്റർ വ്യക്തിഗത മെഡ്ലെയിൽ നിലവിലെ റെക്കോർഡ് ആയ 5:00.12 മറികടന്ന് 4:50.60 എന്ന സമയത്തിലും 800 മീറ്റർ ഫ്രീ സ്റ്റൈൽ ഇനത്തിൽ  നിലവിലെ റെക്കോർഡ് ആയ  8:54.11 മറികടന്ന് 8:50.88 എന്ന സമയത്തും 400 മീറ്റർ ഫ്രീ സ്റ്റൈലിൽ 4:19.76 എന്ന നിലവിലെ റെക്കോർഡ് മറികടന്ന്  4:16.25 എന്ന സമയത്തിലുമാണ് മോ9ഗം റെക്കോഡ് സ്വന്തമാക്കിയത്. 800 മീറ്റർ ഫ്രീ സ്റ്റൈലിലും 400 മീറ്റർ ഫ്രീ സ്റ്റൈലിലും 2023 ലെ സംസ്ഥാനതല കായികമേളയിൽ തന്റെ സ്വന്തം റെക്കോഡാണ് മോൻഗം തീർത്ഥു സാംവേദ് ഇത്തവണ മറികടന്നത്. മൂന്നു ദിവസങ്ങളിലായി കോതമംഗലം എം.എ. കോളേജിലെ നീന്തൽ മത്സരങ്ങളിൽ 23 റെക്കോഡുകളാണ് പിറന്നത്. ബെസ്റ്റ് മീറ്റ് റെക്കോഡും ന്യൂ മീറ്റ് റെക്കോഡും ഉൾപ്പടെയാണിത്.



സംസ്ഥാന സ്കൂൾ കായികമേളയിൽ സീനിയർ ആൺകുട്ടികളുടെ വോളിബോളിൽ ചാമ്പ്യൻമാരായ  കോഴിക്കോട് ജില്ലാ ടീം

# എറണാകുളം പ്രസ് ക്ലബിന്റെ ഓട്ടവും പാട്ടും ഇന്ന്

**കൊച്ചി:** കേരള സ്കൂൾ കായികമേളയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് എറണാകുളം പ്രസ് ക്ലബ് സംഘടിപ്പിക്കുന്ന ' ഓട്ടവും പാട്ടും' പരിപാടി ഇന്നു വൈകിട്ട് 6ന് പ്രസ് ക്ലബിലെ അല്ലിയാമ്പൽ കടവിൽ നടക്കും. കായിക പ്രതിഭകളെ ആദരിക്കൽ, മുതിർന്ന സ്പോർട്സ് പത്രപ്രവർത്തകർക്ക് ആദരം, മാദ്യമ പ്രവർത്തകർ അണിനിരക്കുന്ന ' പാട്ട് സന്ധ്യ' എന്നിവയാണു പരിപാടികൾ. മന്ത്രി വി.ശിവൻകുട്ടി, ഹൈബി ഈഡൻ എംപി, എംഎൽഎമാരായ ടി.ജെ.വിനോദ്, ഉണ്ണിക്കൃഷ്ണൻ തുടങ്ങിയവർ പങ്കെടുക്കും.



സംസ്ഥാനസ്കൂൾ കായികമേളയിൽ സീനിയർ ആൺകുട്ടികളുടെ പോൾവാൾട്ടിൽ റെക്കാർഡോടെ സ്വർണം നേടുന്ന എറണാകുളം കോതമംഗലം മാർബേസിൽ എച്ച് എസ് എസിലെ ശിവദേവ് രാജീവ്

## ഈ പൊൻപതക്കങ്ങൾക്ക് തിളക്കമേറെ; ഇടി കിട്ടിയിട്ടും ഇടിക്കൂട്ടിൽ പതറാതെ മൂവർസംഘം

സംസ്ഥാനസ്കൂൾ കായികമേളയിൽ ബോക്സിങ്ങിലെ ജൂനിയർ ആൺകുട്ടികളുടെ ഫൈനൽ മൽസരങ്ങൾ കഴിഞ്ഞപ്പോൾ ദിൽക്ഷിത്തിന്റെയും അനന്തുവിന്റെയും സായ് കൃഷ്ണയുടെയും മുഖത്ത് വിരഞ്ഞ ചിരിക്ക് ഇരട്ടിത്തിളക്കമുണ്ടായിരുന്നു.



ബോക്സിങ് ജൂനിയർ ആൺകുട്ടികളുടെ 75,54,57 കി.ഗ്രാം വിഭാഗങ്ങളിൽ സ്വർണം നേടിയ തിരുവനന്തപുരം ജീ വി രാജ സ്കൂളിലെ സായ് കൃഷ്ണ, അനന്തു, ദിൽക്ഷിത്ത് എന്നിവർ

തിരുവനന്തപുരം ജില്ലക്കായി മൂവരും ബോക്സിങ് റിങ്ങിൽ നിന്ന് ഇടിച്ചെടുത്ത സ്വർണം പ്രതിസന്ധികളെ കൂസാതെ മുന്നോട്ട് പോയി നേടിയ പൊൻപതക്കങ്ങളായിരുന്നു. വാഹനാപകടത്തിലേറ്റ പരിക്കുകളുമായാണ് മൂന്നുപേരും കടയിരുപ്പ് ജി. വിഎച്ച്എസ്എസിലെ ബോക്സിങ് റിങ്ങിൽ ഫൈനൽ മത്സരത്തിനെത്തിയതും സുവർണനേട്ടം സ്വന്തമാക്കിയതും. തിരുവനന്തപുരം ജി.വി.രാജ സ്പോർട്സ് സ്കൂളിലെ വിദ്യാർഥികളാണ് മൂന്നുപേരും. കഴിഞ്ഞദിവസം സെമിഫൈനൽ മത്സരം കഴിഞ്ഞ് മടങ്ങവേയാണ് ഇവർ സഞ്ചരിച്ച ഓട്ടോറിക്ഷയിൽ കാർ ഇടിച്ച് അപകടം ഉണ്ടായത്. അപകടത്തിൽ പരിക്കേറ്റതിനെത്തുടർന്ന് ആശുപത്രിയിൽ ചികിൽസ തേടിയ മൂവരും പക്ഷേ, പരിക്കൊന്നും വകവെക്കാതെ തികഞ്ഞ ആത്മവിശ്വാസത്തോടെയാണ് ഫൈനലിന് റിങ്ങിൽ ഇറങ്ങിയതും വിജയിച്ചതും. 57 കിലോ ജൂനിയർ ആൺകുട്ടികളുടെ വിഭാഗത്തിലാണ് ഒമ്പതാംക്ലാസ് വിദ്യാർഥിയായ ദിൽഷിത്ത് അജയ് സ്വർണം നേടിയത്. 10ാം ക്ലാസ് വിദ്യാർഥിയായ അനന്തു ഷീജന്റെ സുവർണനേട്ടം 54 കിലോ ജൂനിയർ ആൺകുട്ടികളുടെ വിഭാഗത്തിലാണ്. 75 കിലോ ജൂനിയർ ആൺകുട്ടികളുടെ വിഭാഗത്തിലാണ് 10 ാം ക്ലാസുകാരനായ ഇ എം. സായ് കൃഷ്ണ സ്വർണം നേടിയത്.

# യുപിഐ സുരക്ഷാ അവബോധ ക്യാമ്പയിനുമായി എൻപിസിഐ

**കൊച്ചി:** ഡിജിറ്റൽ പേയ്മെന്റ് സേവനങ്ങളുടെ സുരക്ഷിതമായ ഉപയോഗത്തെ കുറിച്ച് അവബോധം വളർത്തുന്നതിനും അഴിമതികൾ തടയുന്നതിനുമായി നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻപിസിഐ) 'മെയിൻ മൂർഖ് നഹി ഹൂൻ' എന്ന യുപിഐ സുരക്ഷാ അവബോധ ക്യാമ്പയിൻ ആരംഭിച്ചു. ഒഗിൽവി വിഭാവനം ചെയ്ത ക്യാമ്പയിൻ പൗരന്മാരെ അഴിമതിക്കാരിൽ നിന്നുള്ള അപകടസാധ്യതകളെയും ഭീഷണികളെയും പ്രതിരോധിക്കാനും ശാക്തീകരിക്കാനും ശ്രമിക്കുന്നു.യുപിഐ സുരക്ഷിതമാണെങ്കിലും വഞ്ചനാപരമായ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ആശങ്കകൾ ചില ഉപയോക്താക്കൾക്കുണ്ട്. ഈ ക്യാമ്പയിൻ ഉപയോക്താക്കളുടെ മനസ്സിൽ യുപിഐയുടെ സുരക്ഷയും ദൃഢതയും മുൻകൂട്ടി ശക്തിപ്പെടുത്തുന്നു, അവർക്ക് സുരക്ഷിതമായ ഡിജിറ്റൽ ഇടപാടുകൾ നടത്താനുള്ള കഴിവുകൾ പ്രദാനം ചെയ്യുന്നു, ഒപ്പം അവരെ സജീവമായി സംരക്ഷിക്കാൻ അവരെ പ്രോത്സാഹിപ്പിക്കുന്നു.പ്രചാരണത്തിന്റെ ബ്രാൻഡ് അംബാസഡർ എന്ന നിലയിൽ പ്രശസ്ത നടൻ പങ്കജ് ത്രിപാഠി ആറ് പരസ്യ ചിത്രങ്ങളുടെ പരമ്പരയിൽ അഭിനയിക്കും. ആളുകളെ കബളിപ്പിക്കാൻ തട്ടിപ്പുകാരും വഞ്ചകരും ഉപയോഗിക്കുന്ന പൊതു തന്ത്രങ്ങൾ ഈ സിനിമകൾ എടുത്തുകാണിക്കും. 11 ഇന്ത്യൻ ഭാഷകളിലായി നിർമിക്കുന്ന ക്യാമ്പയിൻ ഫിലിം രാജ്യത്തുടനീളം ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നു.

# ക്രിയേറ്റർ സെൻട്രലുമായി ആമസോൺ.ഇൻ

**കൊച്ചി:** കണ്ടന്റ് ക്രിയേറ്റർമാരെ ശാക്തീകരിക്കാനായി ആമസോൺ.ഇൻ ഇന്ത്യയിൽ ക്രിയേറ്റർ സെൻട്രൽ അവതരിപ്പിച്ചു. കണ്ടന്റ് നിർമാണം ലളിതമാക്കാനും സാങ്കേതിക സങ്കീർണ്ണതകളൊഴിവാക്കി സർഗാത്മകമായി കണ്ടന്റുകൾ സൃഷ്ടിക്കാനും മികച്ച രീതിയിൽ പ്രമോഷൻ ചെയ്യാനും ഇതിലൂടെ സാധിക്കും. ആമസോൺ ഇൻഫ്ളുവൻസർ പ്രോഗ്രാമുമായി ബന്ധപ്പെട്ട 50,000ലധികം ക്രിയേറ്റർമാർക്ക് സമീപ ആഴ്ചകളിൽ തന്നെ ക്രിയേറ്റർ സെൻട്രൽ ലഭ്യമാക്കുമെന്ന് ആമസോൺ ഇന്ത്യ ഷോപ്പിംഗ് ഇനിഷ്യേറ്റീവ്സ് ആൻഡ് എമർജിംഗ് മാർക്കറ്റിംഗ് ഡയറക്ടർ സാഹിദ് ഖാൻ പറഞ്ഞു.ക്രിയേറ്റർ സെൻട്രൽ ഉപയോഗിച്ച് ആമസോൺ ആപ്പിൽ നിന്നും ക്രിയേറ്റർമാർക്ക് ഐഡിയ ലിസ്റ്റുകൾ, ഫോട്ടോകൾ, വീഡിയോകൾ എന്നിവ അപ്ലോഡ് ചെയ്യാം. ഇതിൽ നിന്നുള്ള വരുമാനം, മികച്ച പ്രവർത്തനം കാഴ്ചവെച്ച കണ്ടന്റുകൾ, വിഭാഗം തുടങ്ങിയ പ്രകടന റിപ്പോർട്ടുകളും ലഭിക്കും. ക്രിയേറ്റർമാർക്ക് ഒന്നിലധികം അക്കൗണ്ടുകൾ എളുപ്പത്തിൽ കൈകാര്യം ചെയ്യാനും സ്റ്റോർ ഫ്രണ്ടിലേക്ക് ഒന്നിലധികം യൂസർമാരെ ചേർക്കാനും കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാനും ഇതുവഴി സാധിക്കുമെന്ന് സാഹിദ് ഖാൻ പറഞ്ഞു. തുടർച്ചയായ വളർച്ചയും വികസനവും പ്രോത്സാഹിപ്പിക്കുന്നതിനായി ഈ വർഷം ആദ്യം ആരംഭിച്ച ക്രിയേറ്റർ യൂണിവേഴ്സിറ്റിയെ ക്രിയേറ്റർ സെൻട്രലുമായി സംയോജിപ്പിക്കും. ഇന്ത്യയിലെ ക്രിയേറ്റർമാരെ ശാക്തീകരിക്കാനായി രൂപകൽപ്പന ചെയ്തിരിക്കുന്ന ഏകജാലക പ്ലാറ്റ്ഫോമാണ് ക്രിയേറ്റർ സെൻട്രലെന്ന് സാഹിദ് ഖാൻ പറഞ്ഞു.



# എത്നിക് ഡേ ആഘോഷിച്ചു

**കൊച്ചി :** കൊച്ചിയിലെ ചാവറ കൾച്ചറൽ സെന്ററിന്റെ കീഴിൽ പ്രവർത്തിക്കുന്ന ചാവറ ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തിനിക് ഡേ വിവിധ കലാപരിപാടികളോടെ ആഘോഷിച്ചു. വിവിധ സംസ്ഥാനങ്ങളെ പ്രതിനിധീകരിച്ച് വിദ്യാർത്ഥികൾ അവതരിപ്പിച്ച ഫാഷൻ ഷോ എത്തിനിക് ഡേ ആഘോഷങ്ങളിൽ മുഖ്യ ആകർഷണമായിരുന്നു. വിദ്യാർത്ഥികൾക്ക് നമ്മുടെ രാജ്യത്തിന്റെ വിവിധ തരം സംസ്കാരത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കാൻ ഇത്തരത്തിലുള്ള ആഘോഷങ്ങൾ സഹായകരമാകുമെന്ന് ചാവറ കൾച്ചറൽ സെന്റർ, ചാവറ ഇൻസ്റ്റിറ്റ്യൂട്ട് ഫിനാൻസ് ഓഫീസർ ഫാ.മാത്യു കിരിയാന്തൻ സി എം ഐ അഭിപ്രായപ്പെട്ടു. ചാവറ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഫാ. ബിജു വടക്കേൽ സി എം ഐ ,ചാവറ ഇൻസ്റ്റിറ്റ്യൂട്ട് ഹോട്ടൽ മാനേജ്മെന്റ് വിഭാഗം മേധാവി ജയ്മോൾ മേരി ടോം എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

# കളമശ്ശേരി എച്ച് എസ് എസ്സിൽ ഓറിയോൺ ഇന്നവേഷന്റെ സ്മാർട്ട് കംപ്യൂട്ടർ ലാബ്



**കളമശ്ശേരി:** വിദ്യാർത്ഥികളിൽ ഡിജിറ്റൽ സാക്ഷരത വർധിപ്പിക്കുന്നതിന്റെ ഭാഗമായി കളമശ്ശേരി എച്ച് എസ് എസ്, വി എച്ച് എസ് എസ് എന്നിവിടങ്ങളിൽ പ്രമുഖ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ, പ്രൊഡക്ട് ഡെവലപ്മെന്റ് സർവീസ് സ്ഥാപനമായ ഓറിയോൺ ഇന്നവേഷൻ അത്യാധുനിക സ്മാർട്ട് കംപ്യൂട്ടർ ലാബ് സജ്ജീകരിച്ചു. കമ്പനിയുടെ സിഎസ്ആർ പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാക്കിയ കംപ്യൂട്ടർ ലാബിൽ 15 കംപ്യൂട്ടറുകളും വെർച്വൽ ഇന്ററാക്ഷൻ സാധ്യമാകുന്ന അത്യാധുനിക സ്മാർട്ട് ബോർഡുമാണ് ഒരുക്കിയിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് കുറഞ്ഞ ചെലവിൽ അതിനൂതന സാങ്കേതിക പരിജ്ഞാനവും ഡിജിറ്റൽ വിദ്യാഭ്യാസവും നൽകുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഗവൺമെന്റ് സ്കൂളിലെ വിദ്യാർത്ഥികൾക്കായി സ്മാർട്ട് കമ്പ്യൂട്ടർ ലാബ് അവതരിപ്പിക്കാനായതിൽ അതിയായ സന്തോഷമുണ്ടെന്ന് ഓറിയോൺ ഇന്നവേഷൻ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ സർവീസ് ഡെലിവറി എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് പ്രദീപ് മേനോൻ പറഞ്ഞു. വാരാന്ത്യങ്ങളിൽ ശാസ്ത്രസാങ്കേതികവിഷയങ്ങൾ പഠിപ്പിക്കാൻ പ്രഗത്ഭരായ ജീവനക്കാരുടെ സേവനവും ഞങ്ങൾ ഉറപ്പുവരുത്തുന്നു. അത്യാധുനിക സാങ്കേതിക വിദ്യയിലൂടെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തി, ഭാവിയിലേക്ക് ആവശ്യമുള്ള ഡിജിറ്റൽ വൈദഗ്ധ്യങ്ങൾ നേടിയെടുക്കാൻ അവരെ പ്രാപ്തരാക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.ഓറിയോൺ ഇന്നവേഷൻ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ സർവീസ് ഡെലിവറി എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് പ്രദീപ് മേനോൻ, ഓറിയോൺ ഇന്നവേഷൻ ഇന്ത്യയുടെ ഡയറക്ടറും, ഉന്നത വിദ്യാഭ്യാസ മേധാവിയുമായ നരേന്ദ്രകുമാർ, കളമശ്ശേരി എച്ച് എസ് എസ് ഹെഡ് മാസ്റ്റർ ബിജു പി ഇ, ഒറിയോൺ ഇന്നോവഷൻ പ്രതിനിധികൾ, പി ടി എ പ്രസിഡന്റ് ജബ്ബാർ പുത്തൻവീട്ടിൽ, എസ് എം സി ചെയർമാൻ എ ടി സി കുഞ്ഞുമോൻ, അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവർ പങ്കെടുത്തു.

# കൊച്ചി ബിനാലെ ഫൗണ്ടേഷൻ പുനഃസംഘടിപ്പിച്ചു; തോമസ് വർഗീസ് പുതിയ സിഇഒ



**കൊച്ചി:** കൊച്ചി മുസിരിസ് ബിനാലെ നടത്തിപ്പിനു വിദഗ്ധരെ ഉൾപ്പെടുത്തി നടപ്പാക്കിയ പുനസംഘടനാ പ്രക്രിയ പൂർത്തീകരിച്ചതായി കൊച്ചി ബിനാലെ ഫൗണ്ടേഷൻ ട്രസ്റ്റി ബോർഡ് അറിയിച്ചു. സിഇഒ ആയി തോമസ് വർഗീസിനെ നിയമിച്ചു. നേരത്തെ ബാങ്കോക്കിലെ യുണൈറ്റഡ് നേഷൻസ് എക്കണോമിക് ആൻഡ് സോഷ്യൽ കമ്മീഷനുമായി ചേർന്ന് സുസ്ഥിര നഗര വികസനം, പ്രോജക്റ്റ് മാനേജ്മെന്റ് എന്നീ മേഖലകളിൽ പ്രവർത്തിച്ചിട്ടുണ്ട് തോമസ് വർഗീസ്. അക്കാദമിക് റിസർച്ച്, ഇന്റർനാഷണൽ ഡെവലപ്മെന്റ്, ബിസിനസ് മാനേജ്മെന്റ് എന്നീ മേഖലകളിൽ അനുഭവപരിചയമുള്ള മാനേജ്മെന്റ് പ്രൊഫഷണലാണ്. ഡൽഹിയിലെ സെന്റ് സ്റ്റീഫൻസ് കോളേജിൽ നിന്നും യുഎസിലെ ഹാർവാർഡ് യൂണിവേഴ്സിറ്റിയിൽ നിന്നും ബിരുദം നേടിയിട്ടുണ്ട്. ഇതിന് പുറമെ, നിയമ ഉപദേഷ്ടാവായി മുതിർന്ന അഭിഭാഷക ഫെരഷ്തേ സെത്നയെ നിയമിച്ചു.

5 വർഷത്തേക്കാണ് ഫെരഷ്തേയുടെ നിയമനം. കൊച്ചി ആസ്ഥാനമായുള്ള കുരുവിള ആന്റ് ജോസ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് സ്ഥാപനത്തെ ഫൗണ്ടേഷൻ ഓഡിറ്ററായി നിയമിച്ചു. ട്രസ്റ്റുകളുടെ അഡ്മിനിസ്ട്രേറ്റീവ് കംപ്ലയൻസ് ഉൾപ്പെടെ അഞ്ച് ദശാബ്ദക്കാലത്തെ പ്രൊഫഷണൽ അനുഭവസമ്പത്തുണ്ട് ഓഡിറ്റ് സ്ഥാപനത്തിന്റെ മാനേജിംഗ് പാർട്ണർ കെ എം ജോസിന്.

ഘടനാപരമായ പ്രധാന മാറ്റങ്ങളും പ്രൊഫഷണലുകളുടെ നിയമനവും അന്തർദ്ദേശീയ സമകാലിക രുടേതിന് തുല്യമായ ഉയർന്ന നിലവാരം നിലനിർത്താൻ പ്രാപ്തരാക്കുമെന്ന് കൊച്ചി ബിനാലെ ഫൗണ്ടേഷൻ ചെയർപേഴ്സൺ ഡോ. വി. വേണു പറഞ്ഞു. പൂർത്തിയായ പുന സംഘടന പ്രക്രിയ ഞങ്ങളുടെ മുന്നോട്ടുള്ള യാത്രയിൽ ആവേശകരമായ ഒരു പുതിയ അധ്യായം രചിക്കുമെന്ന് കൊച്ചിമുസിരിസ് ബിനാലെ പ്രസിഡന്റ് ബോസ് കൃഷ്ണമാചാരി അഭിപ്രായപ്പെട്ടു. ഫൗണ്ടേഷന്റെ സമ്പന്നമായ പൈതൃകം കെട്ടിപ്പടുക്കുമ്പോൾ അടുത്ത അധ്യായത്തിൽ പങ്ക് വഹിക്കാൻ കഴിയുന്നത് ബഹുമതിയാണെന്നു കൊച്ചി ബിനാലെ ഫൗണ്ടേഷൻ സിഇഒ തോമസ് വർഗീസ് പറഞ്ഞു.

# കോസ്ടെക്ഈസിഗോ സഹകരണത്തിന് ധാരണ

**കൊച്ചി:** കേരളത്തിലെ സഹകരണ മേഖലയിൽ ഇലക്ട്രിക് വെഹിക്കിൾ (ഇ.വി.) ചാർജിംഗ് സ്റ്റേഷനുകൾ നടപ്പാക്കുന്നതിന് കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡും ചെന്നൈ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ഈസിഗോയുമായി സഹകരണത്തിന് ധാരണയായി. ഇതു സംബന്ധിച്ച ധാരണാ പത്രം സഹകരണ രജിസ്ട്രാർ ഡോ. ഡി സജിത് ബാബുവിന്റെ സാന്നിധ്യത്തിൽ കോസ്ടെക് ചെയർമാൻ പ്രൊഫ. ഇ. കുഞ്ഞിരാമൻ ഈസിഗോ ചെയർമാൻ ഡോ. വി.വി സജീവന് കൈമാറി. ഈസിഗോ സി.ഇ.ഒ സഞ്ജയ് സജീവൻ, ബിസിനസ് മേധാവി കൃഷ്ണകുമാർ, കോസ്ടെക് മാർക്കറ്റിംഗ് മാനേജർ ശ്രീനിവാസൻ എടമന എന്നിവർ സന്നിഹതരായിരുന്നു.

2030നകം സംസ്ഥാനത്തുടനീളം രണ്ടായിരം ഇവി ചാർജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുകയാണ് ലക്ഷ്യം. കേരളത്തിലെ വളരുന്ന ഇലക്ട്രിക് വാഹന ആവാസന വ്യവസ്ഥയെ പിന്തുണക്കുന്നതിനും പരിസ്ഥിതി സുസ്ഥിരത പ്രോത്സാഹിപ്പിക്കുന്നതിനുമാണ് ഊന്നൽ.

സൗകര്യപ്രദവും വിശ്വാസനീയവുമായ ചാർജിംഗ് ഇൻഫ്രാസ്ട്രക്ചർ ലഭ്യതയോടെ കൂടുതൽ അപ്പാർട്മെന്റ്സ് ബിസിനസുകാരെയും ഇലക്ട്രിക് വാഹനങ്ങളിലേക്ക് മാറാൻ പ്രോത്സാഹിപ്പിക്കുന്നതിലൂടെ ഫോസിൽ ഇന്ധന ആശ്രിതത്വം ഗണ്യമായി കുറയ്ക്കാനാകും.




# സ്വദേശി ശാസ്ത്ര കോൺഗ്രസിന് സിഫ്റ്റിൽ തുടക്കം

**കൊച്ചി :** കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ സി എ ആർ സിഫ്റ്റിന്റെ സഹകരണത്തോടെ കേരളാ സ്വദേശി ശാസ്ത്ര പ്രസ്ഥാനം സംഘടിപ്പിക്കുന്ന 31ാമത് സ്വദേശി ശാസ്ത്ര കോൺഗ്രസിന് സിഫ്റ്റിൽ തുടക്കമായി. നവംബർ ഒമ്പതു വരെ നടക്കുന്ന നടക്കുന്ന സ്വദേശി ശാസ്ത്ര കോൺഗ്രസിന്റെ ഈ വർഷത്തിലെ വിഷയം 'നെറ്റ് സീറോ എമിഷൻ : സമീപനങ്ങളും തന്ത്രങ്ങളും' എന്നതാണ്. വിദ്യാർത്ഥികൾ, ഗവേഷകർ, ശാസ്ത്രജ്ഞർ, സാങ്കേതിക വിദഗ്ധർ എന്നിവർക്കുള്ള പ്രധാന വേദിയായ സ്വദേശി ശാസ്ത്ര കോൺഗ്രസ്, രാജ്യത്തിലെ ശാസ്ത്രീയവും പാരിസ്ഥിതികവുമായ പുരോഗതിക്ക് അത്യന്താപേക്ഷിതമായ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള വേദിയായി പ്രവർത്തിക്കുന്നു. ഹൈദരാബാദിലെ ഐസിഎആർ നാഷണൽ അക്കാദമി ഓഫ് അഗ്രികൾച്ചറൽ റിസർച്ച് മാനേജ്മെന്റിലെ ഡയറക്ടർ ഡോ.സി.എച്ച്. ശ്രീനിവാസ റാവു 31ാമത് സ്വദേശി ശാസ്ത്ര കോൺഗ്രസിന്റെ ഉദ്ഘാടനം നിർവഹിച്ചു.

ഹരിതഗൃഹ വാതക ഉദ്വമനത്തിന് എല്ലാ മേഖലയും പങ്ക് വഹിക്കുന്നുവെന്നും ഇത് കുറയ്ക്കുന്നതിനുള്ള ഏകോപിത പ്രവർത്തനം ആവശ്യമാണെന്നും ഉദ്ഘാടന പ്രസംഗത്തിൽ ഡോ.സി.എച്ച്. ശ്രീനിവാസ റാവു പറഞ്ഞു.ഐസിഎആർസിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. പി.രവീന്ദ്രൻ വിശിഷ്ട അതിഥിയായിരുന്നു. സിഫ്റ്റിലെ എക്സ്റ്റൻഷൻ, ഇൻഫർമേഷൻ & സ്റ്റാറ്റിസ്റ്റിക്സ് മേധാവി ഡോ. നികിത ഗോപാൽ; മണ്ണുത്തി കേരളാ വെറ്റിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി പ്രൊഫസർ ഡോ. ദിനേശ് സി.എൻ., സ്വദേശി ശാസ്ത്ര പ്രസ്ഥാനം കേരള സെക്രട്ടറി രാജീവ് സി നായർ , സ്വദേശി ശാസ്ത്ര പ്രസ്ഥാനം കേരള പ്രസിഡന്റ് ഡോ. കെ.മുരളീധരൻ തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു. സ്വദേശി ശാസ്ത്ര കോൺഗ്രസിൽ 14 സെഷനുകളിലായി 200ലധികം പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നുണ്ട്.

നവംബർ 9 ന് നടക്കുന്ന സമാപന ചടങ്ങിൽ കേന്ദ്ര ഫിഷറീസ്, മൃഗസംരക്ഷണം, ക്ഷീര, ന്യൂനപക്ഷകാര്യ വകുപ്പുകളുടെ സഹമന്ത്രിയായ ജോർജ് കുര്യൻ മുഖ്യാതിഥിയായി പങ്കെടുക്കും.

# കോംപാക്ട് എസ് യുവി കൈലാഖ് പുറത്തിറക്കി

**കോട്ടയം:** സ്കോഡ ഓട്ടോ ഇന്ത്യയുടെ പുതിയ കോംപാക്ട് എസ്‌യുവി കൈലാഖ് പുറത്തിക്കി. കൈലാഖിന്റെ ആഗോളതലത്തിലുള്ള ആദ്യ അവതരണമാണ് ഇന്ത്യയിൽ നടന്നത്. 2025 ജനുവരിയിലാണ് കൈലാഖ് നിരത്തിലിറങ്ങുക. ഡിസംബർ രണ്ട് മുതൽ ബുക്കിങ് ആരംഭിക്കും.ഇന്ത്യയ്ക്കു വേണ്ടി ഇന്ത്യയിൽ രൂപകൽപ്പന ചെയ്ത സ്കോഡയുടെ ആദ്യ എൻട്രി ലെവൽ സബ്4മീറ്റർ എസ് യു വിയാണ് കൈലാഖ് എന്ന് സ്കോഡ ഓട്ടോ സിഇഒ ക്ലോസ് സെൽമർ പറഞ്ഞു. ലോകത്തിലെ മൂന്നാമത്തെ ഏറ്റവും വലിയ കാർ വിപണിയായ ഇന്ത്യ ഞങ്ങളുടെ രാജ്യാന്തര വിപുലീകരണ പദ്ധതിയിൽ വളരെ പ്രാധാന്യം നൽകുന്ന രാജ്യമാണ്. ഇവിടെ പുതുതായി വിൽക്കപ്പെടുന്ന വാഹനങ്ങളിൽ 50 ശതമാനവും എസ്യുവികളുമാണ്. ജനപ്രിയവും അതിവേഗം വളരുന്നതുമായ ഈ സെഗ്മെന്റിൽ പുതിയ ഉപഭോക്താക്കളെ ആകർഷിക്കുകയാണ് കൈലാഖിലൂടെ ലക്ഷ്യമിടുന്നത്. കാഴ്ചയിൽ വേറിട്ടു നിൽക്കുന്ന ഞങ്ങളുടെ ഏറ്റവും പുതിയ കരുത്തുറ്റ ഡിസൈൻ ഭാഷയുടെ ഇന്ത്യയിലെ അരങ്ങേറ്റവും കൈലാഖിലൂടെ നടന്നിരിക്കുന്നു. വൈവിധ്യമാർന്ന വകഭേദങ്ങളും കളറുകളും ഫീച്ചറുകളും, അടിസ്ഥാന മോഡലിൽ തന്നെ ലഭിക്കുന്ന 25ലേറെ സുരക്ഷാ സംവിധാനങ്ങളുമെല്ലാമാണ് കൈലാഖിന്റെ സവിശേഷത. ഏറെ ആകർഷണീയമായ വിലയായ 7,89,000 ലക്ഷം രൂപ എന്നത് ഇന്ത്യയിൽ ഒരു സ്കോഡ മോഡലിന്റെ ഏറ്റവും സ്വീകാര്യമായ വിലയാണെന്നും അദ്ദേഹം പറഞ്ഞു.



446 ലിറ്റർ ബൂട്ട് സ്പെയ്സ് സെഗ്മെന്റിലെ ഏറ്റവും മികച്ചതാണ്. ഇലക്ട്രിക്കലി അഡ്ജസ്റ്റ് ചെയ്യാവുന്ന ഫ്രണ്ട് സീറ്റുകൾക്ക് വെന്റിലേഷനോട് കൂടിയ ഓട്ടോ ക്ലൈമാറ്റ്ട്രോണിക് ഫീച്ചറുമുണ്ട്. തിരഞ്ഞെടുത്ത വേരിയന്റിൽ ഇലക്ട്രിക് സൺറൂഫും ഉണ്ട്.പ്രാദേശിക നിർമാണം, സമാനതകളില്ലാത്ത ഡ്രൈവിംഗ് ഡൈനാമിക്സ്, വിട്ടുവീഴ്ചയില്ലാത്ത സുരക്ഷ എന്നീ സവിശേഷതകളാൽ കൈലാഖ് വിപണിയിൽ കാര്യമായ സ്വാധീനം ചെലുത്തും," സ്കോഡ ഓട്ടോ ഫോക്സ്വാഗൺഇന്ത്യയുടെ മാനേജിംഗ് ഡയറക്ടറും സിഇഒയുമായ പിയൂഷ് അറോറ പറഞ്ഞു.

മണിക്കൂറിൽ 100 കിലോമീറ്റർ വേഗമെടുക്കാൻ മാന്വൽ ട്രാൻസ്മിഷനുള്ള കൈലാഖിന് 10.5 സെക്കൻഡുകൾ മാത്രം മതി. മണിക്കൂറിൽ 188 കിലോമീറ്ററാണ് പരമാവധി വേഗം.

6സ്പീഡ് മാന്വൽ/ 6സ്പീഡ് ടോർക്ക് കൺവെർട്ടർ ഓട്ടോമാറ്റിക് 1.0 ടിഎസ്ഐ എഞ്ചിൻ 85ഗം കരുത്തും 178ചാ ടോർക്കും നൽകുന്നു. തിരഞ്ഞെടുത്ത വേരിയന്റുകളിൽ പാഡിൽ ഷിഫ്റ്റേഴ്സും ലഭ്യമാണ്. കുഷാക്കിലും സ്ലാവിയയിലുമുള്ള ങഝആഅ0കച പ്ലാറ്റ്ഫോമിലാണ് കൈലാഖും നിർമ്മിച്ചിരിക്കുന്നത്.

# കോൾഗേറ്റ് സ്ട്രോങ് ടീത്തിന്റെ പുതിയ കാമ്പയിൻ അവതരിപ്പിച്ചു

**കൊച്ചി:** കോൾഗേറ്റ്പാമോലിവ് (ഇന്ത്യ) ലിമിറ്റഡ്, കോൾഗേറ്റ് സ്ട്രോംഗ് ടൂത്ത് ബ്രാൻഡിന് കീഴിൽ അതിന്റെ ഏറ്റവും പുതിയ കാമ്പയിൻ ദി ഡെയിലി ഗ്രൈൻഡ് ആരംഭം കുറിച്ചു. ഇന്ത്യയിലുടനീളം പല്ലുകൾ ദുർബലമാക്കുകയും ഓറൽ ഹെൽത്തിനെ ബാധിക്കുകയും ചെയ്യുന്ന, വ്യാപകമായ സ്നാക്സ് വർദ്ധനവ് കാമ്പയിൻ ശ്രദ്ധയിൽ പെടുത്തുന്നു. 44% ഇന്ത്യക്കാരും ഒരു ദിവസത്തിൽ എപ്പോഴെങ്കിലുമായി ഇത്തരത്തിലുള്ള എന്തെങ്കിലും കഴിക്കുകയോ കുടിക്കുകയോ ചെയ്യുന്നുണ്ടെന്ന് അടുത്തിടെ നടത്തിയ ഒരു പഠനം വെളിപ്പെടുത്തുന്നു. വർധിച്ചുവരുന്ന അമിത ഭക്ഷണ സംസ്കാരം നഗരവാസികളിലും ദിവസം മുഴുവൻ സ്ഥിരമായി ചായയും സ്നാക്സും കഴിക്കുന്ന ശീലം ഗ്രാമങ്ങളിലും സാധാരണമാണെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# ലക്ഷദ്വീപിൽ 4ജി അവതരിപ്പിച്ച് വി

**കൊച്ചി:** മുൻനിര മൊബൈൽ നെറ്റ് വർക്കായ വി ലക്ഷദ്വീപിലെ ദ്വീപുകളിൽ 4ജി നെറ്റ് വർക്ക് കണക്ടിവിറ്റി അവതരിപ്പിച്ചു. മൂന്ന് ബാൻഡ് സ്പെക്ട്രത്തിലായുള്ള വി ജിഗാനെറ്റാണ് ലക്ഷദ്വീപിലെ കണക്ടിവിറ്റി മെച്ചപ്പെടുത്തും വിധം അവതരിപ്പിച്ചിട്ടുള്ളത്. ലക്ഷദ്വീപ് നിവാസികൾക്കും വിനോദസഞ്ചാരികൾക്കും ബിസിനസുകാർക്കും തടസങ്ങളില്ലാത്ത കണക്ടിവിറ്റി ലഭ്യമാക്കുന്നതിനുള്ള നിർണായകമായ നീക്കമാണിതെന്ന് വാഡഫോൺ ഐഡിയ കേരള, തമിഴ്നാട് ക്ലസ്റ്റർ ബിസിനസ് മേധാവി ആർ എസ് ശാന്താറാം പറഞ്ഞു.ലക്ഷദ്വീപിലെ അഗത്തിയിലും കവരത്തിയിലും 20,000ത്തിൽ ഏറെ വരുന്ന ജനങ്ങളേയും സന്ദർശകരേയും കണക്റ്റഡ് ആക്കുന്നതിനു സഹായകമായ വിധത്തിൽ ഏറ്റവും ഫലപ്രദമായ 900 മെഗാഹെർട്സ് സ്പ്രെക്ട്രവും 1800 മെഗാഹെർട്സ്, 2100 മെഗാഹെർട്സ് സ്പെക്ട്രവുമാണ് വി വിന്യസിച്ചിരിക്കുന്നത്.

ദേശീയത തലത്തിൽ വി നടത്തുന്ന വിപുലീകരണങ്ങളുടെ ഭാഗമായാണ് മൂന്ന് ബാൻഡ് സ്പെക്ട്രത്തിലായി വി ജിഗാനെറ്റ് സ്ഥാപിച്ചിരിക്കുന്നത്. ഏപ്രിലിലെ വിജയകരമായ എഫ്പിഒയ്ക്ക് ശേഷം പുതിയ മേഖലകളിലേക്ക് ശേഷി വിപുലീകരിക്കുകയും നിലവിലെ ശൃംഖല കൂടുതൽ മെച്ചപ്പെടുത്തി ഉപഭോക്താക്കളുടെ അനുഭവങ്ങൾ മികച്ചതാക്കുകയും ചെയ്യുന്ന നീക്കങ്ങളാണ് വി നടത്തി വരുന്നത്. ഇന്ത്യയുടെ വിദൂര മേഖലകളിൽ 4ജി സേവനം ലഭ്യമാക്കാനുള്ള നീക്കങ്ങളിലെ ഒരു സുപ്രധാന ചുവടുവെപ്പാണ് ലക്ഷദ്വീപിൽ വി ജിഗാനെറ്റിൻറെ അവതരണമെന്ന് ആർ എസ് ശാന്താറാം പറഞ്ഞു.

# മുത്തൂറ്റ് മൈക്രോഫിൻ ആസ്തികൾ 12,518 കോടി

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ബാങ്ക് ഇതര ധനകാര്യ സ്ഥാപനമായ മുത്തൂറ്റ് മൈക്രോഫിൻ കൈകാര്യം ചെയ്യുന്ന ആസ്തികൾ 15.2 ശതമാനം വർധിച്ച് 12,518 കോടി രൂപയിലെത്തിയതായി നടപ്പു സാമ്പത്തിക വർഷത്തിൻറെ രണ്ടാം ത്രൈമാസത്തിലെ കണക്കുകൾ വ്യക്തമാക്കുന്നതായി മാനേജിങ് ഡയറക്ടർ തോമസ് മുത്തൂറ്റ് ചൂണ്ടിക്കാട്ടി. ആകെ വരുമാനം വാർഷികാടിസ്ഥാനത്തിൽ 18 ശതമാനം വർധിച്ച് 667 കോടി രൂപയിലും എത്തിയിട്ടുണ്ട്.

അറ്റ പലിശ വരുമാനം 57 അടിസ്ഥാന പോയിൻറുകൾ വർധിച്ച് 13.36 ശതമാനത്തിലും എത്തി. വകയിരുത്തലുകൾക്കു മുൻപുള്ള പ്രവർത്തന ലാഭം 26.1 ശതമാനം വർധിച്ച് 236 കോടി രൂപയിലെത്തി.

അറ്റദായം 109 കോടി രൂപയിൽ നിന്ന് 62 കോടി രൂപയിലെത്തിയതായും കണക്കുകൾ സൂചിപ്പിക്കുന്നു.സ്വർണ വായ്പാ രംഗത്ത് വാർഷികാടിസ്ഥാനത്തിൽ 15.2 ശതമാനം വളർച്ചയാണ് കൈവരിച്ചത്. 31 പുതിയ ബ്രാഞ്ചുകളും ആരംഭിച്ചു. അച്ചടക്കത്തോടു കൂടിയ വായ്പാ പ്രക്രിയകൾ വളർച്ചയ്ക്കും അതേ സമയം തന്നെ ഗുണനിലവാരമുള്ള ആസ്തികളുടെ തുടർച്ചയ്ക്കും സഹായകമായി. ഈ ത്രൈമാസത്തിൽ മൊത്തം നിഷ്ക്രിയ ആസ്തികൾ 2.70 ശതമാനത്തിലും അറ്റ നിഷ്ക്രിയ ആസ്തികൾ 0.97 ശതമാനത്തിലും നിലനിർത്തിയതായും അദ്ദേഹം കൂട്ടിച്ചേർത്തു.



# പുതിയ പ്രൈം മൂവറുകൾ അവതരിപ്പിച്ച് ഡിപി വേൾഡ്

**കൊച്ചി:** ഇലക്ട്രോണിക് സ്റ്റെബിലിറ്റി കൺട്രോൾ (ഇഎസ്സി) സജ്ജീകരിച്ച പുതിയ പൈറഷം മൂവറുകൾ അവതരിപ്പിച്ച് ഡിപി വേൾഡ്. ആന്റി ലോക്ക് ബ്രേക്കിങ് സംവിധാനത്തിനൊപ്പം ഇലക്ട്രോണിക് സ്റ്റെബിലിറ്റി കൺട്രോൾ (ഇഎസ്സി) സജ്ജീകരിച്ച പ്രൈം മൂവറുകൾ അവതരിപ്പിച്ചതിലൂടെ വാഹന സുരക്ഷയും പെർഫോമെൻസും വർദ്ധിക്കുന്നതിനായി പുതിയ ചുവടുവെപ്പുമായി ഡിപി വേൾഡ് . ഈ നൂതന സുരക്ഷാ സംവിധാനം ഡ്രൈവർമാർക്കും ജീവനക്കാർക്കും കൂടുതൽ സുരക്ഷ ഉറപ്പാക്കും. അത്യാധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി സുരക്ഷിതവും ആശ്രയയോഗ്യവുമായ വിതരണ ശൃംഖല പരിഹാരങ്ങൾ നൽകുന്നതിൽ നിരന്തരമായ ശ്രമങ്ങളെ പ്രതിഫലിപ്പിക്കുന്നതാണ് ഡിപി വേൾഡിന്റെ ഈ മേഖലയിലെ ആദ്യ സംരംഭം. ഡ്രൈവർമാരുടെ സുരക്ഷയ്ക്കും ക്ഷേമത്തിനും വേണ്ടിയുള്ള ഡിപി വേൾഡിന്റെ പ്രതിബദ്ധതയിൽ ഒരു സുപ്രധാന ചുവടുവയ്പ്പാണിത്. ഈ അത്യാധുനിക സാങ്കേതികവിദ്യ മെച്ചപ്പെട്ട സ്ഥിരത പ്രദാനം ചെയ്യും. ബുദ്ധിമുട്ടുള്ള റോഡിലും കാലാവസ്ഥയിലും ഡ്രൈവർമാർ സുരക്ഷിതമായും നിയന്ത്രണത്തിലും തുടരുന്നുവെന്ന് ഇത് ഉറപ്പാക്കും. കൂടാതെ, പുതിയ ഫ്ലീറ്റിൽ ഒരു ടെയിൽ ഗാർഡിംഗ് സിസ്റ്റവും സജ്ജീകരിച്ചിട്ടുണ്ട്. ഇത് അവശ്യഘട്ടത്തിൽ പ്രോക്സിമിറ്റി സെൻസറുകൾ ഉപയോഗിച്ച് ബ്ലൈൻഡ് സ്പോട്ടുകൾ ഒഴിവാക്കി റിവേഴ്സ് കൂട്ടിയിടികൾ തടയും.സുരക്ഷാ മാനദണ്ഡങ്ങൾ തുടർച്ചയായി മെച്ചപ്പെടുത്തുന്നതിനും ഡ്രൈവർമാർ സുക്ഷിതരാണെന്ന് ഉറപ്പുവരുത്തുന്നതിനും അപകടങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനും പ്രതിജ്ഞാബദ്ധരാണെന്ന് ഡിപി വേൾഡ്, പോർട്ട് ആൻഡ് ടെർമിനൽസ്, ഓപ്പറേഷൻസ് ആൻഡ് കൊമേഴ്ഷ്യൽ, സിഒഒ, രവീന്ദർ ജോഹൽ പറഞ്ഞു.

# ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക് ആദ്യ സുസ്ഥിരത റിപ്പോർട്ട് പുറത്തിറക്കി

**ന്യൂഡൽഹി:** ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡ് 202324 സാമ്പത്തിക വർഷത്തെ സുസ്ഥിരത റിപ്പോർട്ട് പുറത്തിറക്കി.

യുസസ്റ്റെയ്ൻ എന്ന പേരിലുള്ള റിപ്പോർട്ട് പരിസ്ഥിതി സംരക്ഷണം, സാമൂഹ്യ സേവനം, സുസ്ഥിര വികസനം, ഉത്തരവാദിത്ത ബാങ്കിംഗ് തുടങ്ങിയ മേഖലകളിൽ ബാങ്ക് നടത്തിവരുന്ന സേവനങ്ങൾ വ്യക്തമാക്കുന്നുണ്ട്. ബാങ്കിന്റെ ഇഎസ്ജി നയം, പരിസ്ഥിതി സംരക്ഷണ നടപടികൾ, അപകടസാധ്യത മാനേജ്മെന്റ്, സുസ്ഥിര വിഭവ ഉപഭോഗം തുടങ്ങിയവയെക്കുറിച്ചും റിപ്പോർട്ടിലുണ്ട്.

ഇഎസ്ജി നയങ്ങളോടുള്ള തങ്ങളുടെ പ്രതിബദ്ധത ഊട്ടിയുറപ്പിക്കുന്ന ആദ്യത്തെ സുസ്ഥിരതാ റിപ്പോർട്ടിൽ പാരിസ്ഥിതികവും സാമൂഹികവുമായ വെല്ലുവിളികളെക്കുറിച്ച് പരാമർശിക്കുന്നതിനൊപ്പം കരുത്തുറ്റ സാമ്പത്തികവ്യവസ്ഥയെ പരിപോഷിപ്പിക്കുന്നതിനുള്ള ശ്രമങ്ങളുമുണ്ടെന്ന് ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡ് എംഡിയും സിഇഒയുമായ ഗോവിന്ദ് സിംഗ് പറഞ്ഞു.

വിശദമായ റിപ്പോർട്ടിനും ബാങ്കിന്റെ ഇഎസ്ജി സംരംഭങ്ങളെക്കുറിച്ച് കൂടുതലറിയാനും www.utkarsh.bank സന്ദർശിക്കുക.2016 ഏപ്രിൽ 30 ന് സ്ഥാപിതമായ ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡ് ബാങ്കിംഗ്, ധനകാര്യ സേവനങ്ങൾ നൽകുന്ന ലിസ്റ്റുചെയ്യപ്പെട്ട സ്ഥാപനമാണ്. ബാങ്കിന്റെ മൈക്രോ ബാങ്കിംഗ് പ്രവർത്തനങ്ങൾ പ്രധാനമായും രാജ്യത്തെ ഗ്രാമീണ മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

# ഓഫറുകളുമായി സാംസങ്ങ്



**കൊച്ചി:**സാംസങ്ങ് സിക്സ്ത് ജനറേഷൻ ഫോൾഡബിൾ സ്മാർട്ട് ഫോണുകളായ ഗാലക്സി ഇസെഡ് ഫോൾഡ് സിക്സ്, ഗാല്ക്സി ഇസെഡ് ഫ്ളിപ്പ് സിക്സ് എന്നിവയ്ക്കായി പരിമിതകാല ഓഫറുകൾ പ്രഖ്യാപിച്ചു.

ഗാലക്സി ഇസെഡ് ഫോൾഡ് സിക്സ് വാങ്ങുന്ന ഉപഭോക്താക്കൾക്ക് 24 മാസത്തെ നോ കോസ്റ്റ് ഇ.എം.ഐ സഹിതം 144999 രൂപയ്ക്ക് സ്മാർട്ട് ഫോൺ ലഭ്യമാകും. അതുപോലെ ഗാലക്സി ഇസെഡ് ഫ്ളിപ്പ് സിക്സ് വാങ്ങുന്ന ഉപഭോക്താക്കൾക്ക് പരിമിതകാല ഉത്സവ ഓഫറിന്റെ ഭാഗമായി 24 മാസത്തെ നോ കോസ്റ്റ് ഇ.എം.ഐ സഹിതം 89999 രൂപയ്ക്ക് ഫോൺ ലഭിക്കും. ഗാലക്സി ഇസെഡ് ഫോൾഡ് സിക്സിന് 164999 രൂപ മുതലും ഗാലക്സി ഇസെഡ് ഫ്ളിപ്പ് സിക്സിന 109999 രൂപ മുതലുമാണ് വില. മികച്ചതും താങ്ങാനാവുന്നതുമായ വില തേടുന്ന ഉപഭോക്താക്കൾക്ക് ഗാലക്സി ഇസെഡ് ഫ്ളിപ്പ് സിക്സിന് 2500 രൂപയും ഗാലക്സി ഇസെഡ് ഫോൾഡ് 6ന് 4028 രൂപയും മുതൽ ആരംഭിക്കുന്ന സൗകര്യപ്രദമായ ഇ.എം.ഐ ഓപ്ഷനുകൾ ഉപയോഗപ്പെടുത്താം.

കൂടാതെ ഗാലക്സി ഇസെഡ് ഫോൾഡ് സിക്സ്, ഗാലക്സി ഇസെഡ് ഫ്ളിപ്പ് സിക്സ് എന്നീ ഫോണുകൾ വാങ്ങുന്ന ഉപഭോക്താക്കൾക്ക് പരിമിതമായ കാലയളവിലേക്ക് 999 രൂപയ്ക്ക് ഗാലക്സി ഇസെഡ് അഷ്വറൻസ് ലഭിക്കും. സമ്പൂർണ ഉപകരണ പരിരക്ഷ വാഗ്ദാനം ചെയ്യുന്ന ഗാലക്സി ഇസെഡ് അഷ്വറൻസ് പ്രോഗ്രാമിന്റെ യഥാർത്ഥ വില ഗാലക്സി ഇസെഡ് ഫോൾഡ് സിക്സിന് 14999 രൂപയും ഗാലക്സി ഇസെഡ് ഫ്ളിപ്പ് സിക്സിന് 9999 രൂപയുമാണ്. ഈ ഇസെഡ് അഷ്വറൻസ് പ്രോഗ്രാം വഴി ഉപഭോക്താക്കൾക്ക് ഇപ്പോൾ ഒരു വർഷത്തിൽ രണ്ട് ക്ലെയിമുകൾ ലഭിക്കുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

